കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാറക്കടവ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ ഇ കെ എം (പി11)1242/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 12/12/2025
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറക്കടവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന

ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ ഇ കെ എം (പി11)1242/25 തീയ്യതി: 12/12/2025

എറണാകുളം ജില്ലയിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-11-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ്

ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി മിനു.പി.കെ	ഡെപ്യൂട്ടി ഡയറക്ടർ	27-10-2025	03-11-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
27-10-2025	03-11-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സന്തോഷ് കുമാർ കെ വി (ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ഷൈനി പി.എം (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ബെറ്റ്സി സി എക്സ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ. ടിനു കെ ജെ (സീനിയർ ഗ്രേഡ് ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ജയദേവൻ എസ് വി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. സന്തോഷ് എ വി	സെക്രട്ടറി	01-04-2024	31-12-2024
ശ്രീ. അനന്തകൃഷ്ണൻ പി കെ	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അനന്തകൃഷ്ണൻ പി കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	11-07-2024
ശ്രീ. ദിനേശ് സി നായർ	അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്)	12-07-2024	13-10-2024
ശ്രീ. അനന്തകൃഷ്ണൻ പി കെ	അസിസ്റ്റന്റ് സെക്രട്ടറി	14-10-2024	31-03-2025
ശ്രീമതി ലിസ്സി പി സി	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2024	31-03-2025
ശ്രീമതി ഷീബ എം എ	കൃഷി ഓഫീസർ	01-04-2024	31-03-2025

ഡോ.ബെറ്റി ആന്റണി	മെഡിക്കൽ ഓഫീസർ, എഫ്.എച്ച് സി	01-04-2024	31-03-2025
ഡോ. ദീപ്തി എസ് ആർ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
ഡോ. ഷൈജു പി	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി. സൌമ്യ പി പോൾസൺ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	09-09-2024
ശ്രീമതി. അവ്വക്കുട്ടി കെ എം	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	10-10-2024	31-03-2025
ശ്രീമതി. സ്മിത കെ ബി	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി. പാർവ്വതി ഇ കെ	എച്ച്.എം	01-04-2024	31-03-2025
ശ്രീമതി. മൃദുല എം കെ	വി. ഇ. ഒ (പാറക്കടവ് സർക്കിൾ)	01-04-2024	31-03-2025
ശ്രീമതി. മൃദുല എം കെ	വി.ഇ.ഒ - ഇൻ - ചാർജ്ജ് (എളവൂർ സർക്കിൾ)	01-04-2024	17-08-2024
ശ്രീ. ഹർഷാദ് വി കെ	വി.ഇ.ഒ - ഇൻ - ചാർജ്ജ് (എളവൂർ സർക്കിൾ)	18-08-2024	12-01-2025
ശ്രീമതി. മൃദുല എം കെ	വി.ഇ.ഒ - ഇൻ - ചാർജ്ജ് (എളവൂർ സർക്കിൾ)	13-01-2025	20-03-2025

ശ്രീ. ഹർഷാദ് വി കെ	വി.ഇ.ഒ (എളവൂർ സർക്കിൾ)	21-03-2025	31-03-2025
ശ്രീമതി. പ്രീതു പി	വി.ഇ.ഒ (പുളിയനം സർക്കിൾ)	01-04-2024	14-10-2024
ശ്രീ. ഹർഷാദ് വി കെ	വി.ഇ.ഒ - ഇൻ - ചാർജ്ജ് (പുളിയനം സർക്കിൾ)	15-10-2024	02-01-2025
ശ്രീമതി. മൃദുല എം കെ	വി.ഇ.ഒ - ഇൻ - ചാർജ്ജ് (പുളിയനം സർക്കിൾ)	03-01-2025	22-01-2025
ശ്രീമതി. പ്രീതു പി	വി.ഇ.ഒ (പുളിയനം സർക്കിൾ)	23-01-2025	31-03-2025
ഡോ.സ്മിത ആർ മേനോൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ശ്രീമതി ഫാത്തിമ പി.കെ	ഡയറി ഫാം ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീമതി ഫാത്തിമ പി.കെ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.	1-1-2
4	വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.	1-1-3
5	നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുക അഡ്വാൻസ് ഹെഡിൽ ചേർത്തില്ല.	1-1-4
6	ഗ്രാന്റുകളുടെ ബാലൻസ്- B-4 പ്രകാരവും RP-40B, B-17 പ്രകാരവും വ്യത്യാസം	1-1-5
7	റിഡംപ്ഷൻ തുക - വരവ് പോസ്റ്റ് ചെയ്തത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമായില്ല.	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം	1-3
10	ഗ്രാന്റ് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമ പദ്ധതികൾ	1-7
14	ക്യാഷ് ബാലൻസ് പരിശോധന	1-8
15	ആഭ്യന്തര നിയന്ത്രണം	1-9

16	തൊഴിൽ നികുതി കുറവായി ഈടാക്കി- നഷ്ടം ₹10630/-	1-10
17	വാടക കുടിശ്ശിക ₹2,41,766/-നിലനിൽക്കുന്നു	1-11
18	വിനോദനികുതി അപാകതകൾ	1-12
19	ഉപയോഗക്രമം മാറ്റി വസ്തുനികുതി ഈടാക്കിയിരിക്കുന്നു	1-13
20	തനത് വരുമാനം - പിരിവ് കാര്യക്ഷമമല്ല - വികസനഫണ്ടിൽ നിന്നും ₹2,69,300/- കുറവ് ചെയ്തു.	1-14
21	സംയുക്ത പ്രോജക്ട് ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല : ₹1,13,05,042 നഷ്ടമായി.	1-15
22	മുൻകൂർ നൽകിയ തുക - ₹38,31,909 ക്രമീകരിച്ചിട്ടില്ല.	1-16
23	പെൻഷൻ വിതരണം	1-17
24	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - 2023-24 ൽ പ്രോജക്ട് രൂപീകരിച്ചിട്ടും വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ലഭ്യമായില്ല.	1-18
25	ഹോമിയോ മരുന്ന് ലഭ്യമായില്ല- ₹1,64,839/- തടസ്സപ്പെടുത്തുന്നു.	1-19
26	മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല- ₹1,69,599/- തടസ്സപ്പെടുത്തുന്നു	1-20
27	ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.	1-21
28	THRS- വാങ്ങൽ ബില്ലുകളിൽ 2 ശതമാനം ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല	1-22
29	വനിതകൾക്ക് തയ്യൽമെഷീൻ സബ്സിഡി - മാർഗ്ഗരേഖ നിർദ്ദേശത്തിന് വിരുദ്ധമായി തുക നൽകി	1-23
30	പാറക്കടവ് കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 700000.00 രൂപ തടസ്സപ്പെടുത്തുന്നു.	1-24

31	ലെഗസി വേസ്റ്റ് മാനേജ്മെന്റ്- നിർവ്വഹണത്തിലെ അപാകത	1-25
32	വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല- 1258476.00 രൂപ തടസ്സപ്പെടുത്തുന്നു.	1-26
33	ഓഡിറ്റ് ഇംപാക്റ്റ്	1-27
34	ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും	1-28
35	ജൽജീവൻ മിഷൻ -അവലോകനം	1-29
ഭാഗം 2		
1	തൊഴിൽ നികുതിയിനത്തിൽ വരവ് നഷ്ടം - ₹10630/-	2-1
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികളുടെ വിവരം	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ / വായ്പ തിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-9

10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **25.07.2025** ലെ **2(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **09.10.2025** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **പാറക്കടവ് ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2025** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം

ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u> അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പാറക്കടവ് ഗ്രാമ**പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : എറണാകുളം

തീയതി: 12.12.2025

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase (Decrease) In Cash And Cash Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹1,43,53,911.00 ആണ്. എന്നാൽ ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹7,18,51,104.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഈ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപ്പത്രിക, സഞ്ചയകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-4 നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുക അഡ്വാൻസ് ഹെഡിൽ ചേർത്തില്ല.

പാറക്കടവ് കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ (394/25) പ്രോജക്ട് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ ₹7,00,000/- നിക്ഷേപിച്ചെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ 460500201 - Advance To Implementing Agencies - Deposit With Kerala Water Authority ഹെഡിൽ ഈ തുക ചേർത്തിട്ടില്ല.

1-1-5 ഗ്രാന്റുകളുടെ ബാലൻസ്- B-4 പ്രകാരവും RP-40B, B-17 പ്രകാരവും വ്യത്യാസം

1) ഹെൽത്ത് ഗ്രാന്റ് - 320100203 - Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs - വാർഷിക ധനകാര്യ പത്രിക B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പില്ലെങ്കിലും RP-4OB, B-17 ഷെഡ്യൂളുകളിൽ ടി ഗ്രാന്റിന്റെ ബാങ്ക് ബാലൻസ് (അക്കൗണ്ട് നമ്പർ SBI - 40871190284) 2,889/- രൂപയുണ്ട്.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് വാർഷിക ധനകാര്യ പത്രിക B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 1,51,45,118 രൂപയും RP-4OB, B-17 ഷെഡ്യൂളുകളിൽ ടി ഗ്രാന്റിന്റെ ബാങ്ക് ബാലൻസ് (അക്കൗണ്ട് നമ്പർ HDFC - 50100403336411) 1,52,80,856/- രൂപയുമാണ്. 1,35,738/- രൂപയുടെ വ്യത്യാസമുണ്ട്.

1-1-6 റിഡംപ്ഷൻ തുക - വരവ് പോസ്റ്റ് ചെയ്യത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമായില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് റിഡംപ്ഷൻ തുകയിനത്തിൽ (ഹെഡ് കോഡ് 431500199) ₹2,16,22,446 തിരികെ ലഭിക്കുവാനുണ്ട്. ഈ ഹെഡിന്റെ ലെഡ്ജറിൽ ₹5,838 രൂപ തൻവർഷം തിരികെ ലഭ്യമായതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷത്തെ ട്രഷറി സ്റ്റേറ്റ്മന്റിൽ ഈ വരവ് ഇല്ല. ടി തുക ഏത് മാനദണ്ഡപ്രകാരമാണ് വരവായി രേഖപ്പെടുത്തിയതെന്നും ആയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കണമെന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (03/27-10-2025) നൽകിയെങ്കിലും മറുപടിയോ, രേഖകളോ ലഭ്യമാക്കിയില്ല. ടി തുക വരവായി ലഭിച്ചത് സാധൂകരിക്കുന ട്രഷറി സ്റ്റേറ്റ്മന്റ് ഉൾപ്പടെയുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്. തെറ്റായി പോസ്റ്റ് ചെയ്തതാണെങ്കിൽ അപാകം പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 08.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി 28.02.2025 ലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്ത് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് എസ്റ്റിമേറ്റ് (ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക)		റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക)
മുന്നിരുപ്പ്	₹1,58,06,070	₹1,58,06,070
വരവ്	₹40,94,02,700	₹41,95,32,106
ആകെ	₹42,52,08,770	₹43,53,38,176
ചെലവ്	₹42,06,65,400	₹43,33,44,194
നീക്കിയിരുപ്പ്	₹45,43,370	₹19,93,982

പഞ്ചായത്ത് തയ്യാറാക്കിയ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റിൽ മുന്നിരുപ്പ് + വരവ് ചേർന്നുള്ള ആകെ തുകയായി രേഖപ്പെടുത്തിയ ₹43,73,57,976 തെറ്റായ തുകയാണ്. ആയതിനാൽ നീക്കിയിരിപ്പും തെറ്റായാണ് രേഖപ്പെടുത്തിയത്. അപാകം സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(17/01-11-2025) നൽകിയെങ്കിലും ലഭ്യമായ മറുപടിയിൽ ടി വിഷയത്തെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. ബജറ്റ് കണക്കുകൾ തെറ്റില്ലാതെ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരുപ്പ്	:	₹3,32,52,317.00
ഓഡിറ്റ് വർഷത്തെ വരവ്	:	₹9,70,11,192.00
ആകെ	:	₹13,02,63,509.00
ഓഡിറ്റ് വർഷത്തെ ചെലവ്	:	₹8,26,57,281.00
നീക്കിയിരുപ്പ്	:	₹4,76,06,228.00

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ട്രഷറി മുഖേന ലഭിയ്ക്കുന്ന ഗ്രാന്റ്, ഗുണഭോക്താക്കൾക്ക് സർക്കാർ നേരിട്ട് കൈമാറുന്ന സാമൂഹ്യ ക്ഷേമ പെൻഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ വരവ് ചെലവ് കണക്കുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ലാപ്സായ തുക
വികസന ഫണ്ട് (ജനറൽ)	0	26660700	26660700	26498273	0	162427
വികസന ഫണ്ട് (എസ്.സി.പി.)	0	7427000	7427000	5699185	0	1727815
വികസനഫണ്ട് (ടി.എസ്.പി.)	0	0	0	0	0	0
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	54333000	54333000	40532470	0	13800530

മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)	0	8539000	8539000	7403054	0	1135946
സി.എഫ്.സി ഗ്രാന്റ്-ബേസിക്ക് (ബാങ്ക്)	2849594	4911482 (പലിശ 374016 ഉൾപ്പടെ)	7761076	3884862	3876214	0
സി.എഫ്.സി ഗ്രാന്റ്-ബേസിക്ക് (ട്രഷറി)	0	0	0	0	0	0
സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ബാങ്ക്)	5732103	10118000	15850103	4581199	11268904	0
സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ട്രഷറി)	0	1081462	1081462	862386	0	219076
Accelerated Rural Water Supply Scheme (Arwss) (320100101)	13329	0	13329	0	13329	0
Intergrated Child Development Service (320100125)	2733630	1973695	4707325	1714346	2992979	0
നാഷ്ണൽ റൂറൽ ഹെൽത്ത് മിഷൻ (320100149)	500000	1286850	1786850	1783961	2889	0

Other Schemes (320100152)	7390	0	7390	0	7390	0
Panchayat Yuva Krida Aur Khel Abhiyan (320100153)	12000	0	12000	0	12000	0
Rural Housing – Housing For All(320100160)	3240000	6300000	9540000	4060000	5480000	0
Total Sanitation Campaign (320100181)	1261256	0	1261256	1261256	0	0
ഫ്ലഡ് റിലീഫ് ഗ്രാന്റ് (320100192)	0	100000	100000	0	100000	0
Grants/Funds For Pandemic/Epidemic Control (320100195)	100000	0	100000	0	100000	0
Integrated Child Developement Schem (320100196)	78000	0	78000	0	78000	0
Literacy Scheme Grant (320100197)	156246.84	4252	160498.84	0	160498.84	0
Grant For Specific Purposes- Health Grant Towards Support For Diagnostic Infrastructure To The PHCs (320100202)	235533	426342	661875	214037	447838	0

Grant For Specific Purposes- Health Grant Towards Conversion Of PHCs And Subcentres In To Health & Wellness Centres (320100204)	241938	670183	912121	230477	681644	0
Other Liabilities (320100999)	20399	0	20399	5838	14561	0
Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Solid Waste Management (320200304)	200873	0	200873	0	200873	0
Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Grant For Drinking Water Schemes (320200305)	0	65396	65396	0	65396	0
Grants, Funds & Contributions For	58952	0	58952	12000	46952	0

Specific Purposes – Other Government Agencies – Total Sanitation (320300103)						
Grants, Funds & Contributions For Specific Purposes – Other Government Agencies (320300199)	131083	0	131083	0	131083	0

കുറിപ്പ്:

. വികസന ഫണ്ട് ജനറൽ – വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹3394258/- ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് ജനറൽ – ചെലവ്, ₹24522776/- റവന്യൂ ചെലവും ₹1975497/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. വികസന ഫണ്ട് എസ് സി പി – ജനറൽ വരവിലും ചെലവിലും ഉത്ഭവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹96057/- ഉൾപ്പെടുന്നുണ്ട്.

. സി.എഫ്.സി. ബേസിക്ക് ഗ്രാന്റ് (ബാങ്ക്) ചെലവ്, ₹625580/- റവന്യൂ ചെലവും ₹3259282/- മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. സി.എഫ്.സി.ടൈഡ് ഗ്രാന്റ് (ബാങ്ക്) ചെലവ്, ₹1546372 റവന്യൂ ചെലവും ₹3034827 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. സി.എഫ്.സി -ടൈഡ് ഗ്രാന്റ് (ട്രഷറി) ചെലവ്, ₹465237 റവന്യൂ ചെലവും ₹397149 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

. നാഷ്ണൽ റൂറൽ ഹെൽത്ത് മിഷൻ ചെലവ്, ₹1283961 റവന്യൂ ചെലവും ₹500000 മൂലധന ചെലവും ഉൾപ്പെടുന്നതാണ്.

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർണ്ണമായി നടപ്പാക്കിയത് എണ്ണം	ഭാഗികമായി നടപ്പാക്കിയത് എണ്ണം	നടപ്പാക്കാത്തവ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %
406	₹24,85,70,714*	₹12,18,55,055	117	115	174	28.82%

*പദ്ധതി അടങ്കൽ = ജി.ഒ പ്രോജക്ട് പ്രകാരം ഉത്ഭവത്തിൽ കുറവ് ചെയ്ത ₹34,90,315/- ഉൾപ്പടെ.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	1	10,85,512	10,85,513	10,85,512	1
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	3,24,67,915	3,24,67,915	3,24,67,915	0
ആകെ	1	3,35,53,427	3,35,53,428	3,35,53,427*	1

*ക്യാപിറ്റൽ കോൺട്രിബ്യൂഷൻ 88,01,167/- ഉൾപ്പടെ

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0

കർഷകതൊഴിലാളി പെൻഷൻ	98,77,200	579
വിധവാപെൻഷൻ	2,03,96,800	1,322
വാർദ്ധക്യകാല പെൻഷൻ	4,60,92,200	3,278
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	57,21,700	355
അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	14,86,200	101
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	0	0

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2025 തീയതിയിൽ 2.10 പി.എം ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ചെയ്ത ക്യാഷ് ബാലൻസ് പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1. പദ്ധതി നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

3. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല. ഉദാഹരണം : 392/2025, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്കിൽ ഓവർ) പ്രോജക്ട് മുഖേന ലാപ് ടോപ് വാങ്ങുന്നതിന് 09-05-2024 ൽ തുക നൽകിയെങ്കിലും ലാപ് ടോപ് ലഭ്യമാകാത്തത് സംബന്ധിച്ച് തുടർനടപടി ആരംഭിച്ചത് ഒരു വർഷത്തിന് ശേഷമാണ്. നിലവിലും ലാപ് ടോപ് വിദ്യാർത്ഥികൾക്ക് ലഭ്യമായിട്ടില്ല.
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.
4. ഗ്രാമപഞ്ചായത്ത് ആസ്തികളുടെ പരിപാലനം കൃത്യമായി നടത്തേണ്ടതാണ്.

നിലവിലുള്ള ആസ്തികളുടെ നിരീക്ഷണം കൃത്യമായി നടത്തിക്കൊണ്ടിരിക്കുകയും അനധികൃത കയ്യേറ്റങ്ങളും നിർമ്മാണങ്ങളും തടയേണ്ടതുമാണ്. ആസ്തികളോ കെട്ടിടങ്ങളോ വാടകയ്ക്ക് നൽകുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന് നഷ്ടം വരാത്ത രീതിയിൽ ഉചിതമായ തീരുമാനങ്ങളെടുക്കേണ്ടതാണ്.

5. കടമുറികളുടെ വാടകയിനത്തിൽ വലിയ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. മുൻ വർഷങ്ങളിലും ടി അപാകം നിലനിന്നിരുന്നു. വാടക യഥാസമയം പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

6. മുൻകൂർ നൽകിയതിൽ വലിയ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു. മുൻകൂറുകൾ യഥാസമയം ക്രമീകരിക്കേണ്ടതാണ്.

7. തനത് വരുമാനം പിരിവ് കാര്യക്ഷമമല്ല. 2023-2024 സാമ്പത്തിക വർഷം തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാൽ പാറക്കടവ് ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 2,69,300/- രൂപ കുറവ് ചെയ്തിട്ടുണ്ട്. തൻ വർഷവും വലിയ തുക തനത് വരുമാനം ഇനത്തിൽ പിരിച്ചെടുക്കാനവശേഷിക്കുന്നു. തനത് വരുമാനം യഥാസമയം പിരിച്ചെടുക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 തൊഴിൽ നികുതി കുറവായി ഈടാക്കി- നഷ്ടം ₹10630/-

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ജീവനക്കാരിൽ നിന്നും നികുതി പിരിച്ചെടുത്ത് അടയ്ക്കുമ്പോൾ സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് എന്നിവ പരിശോധിച്ചതുപ്രകാരം തൊഴിൽ നികുതിയിനത്തിൽ വരവ് നഷ്ടം ₹10,630/-. വിശദവിവരങ്ങൾ ഭാഗം -2 -ൽ ചേർത്തിട്ടുണ്ട്.

1-11 വാടക കുടിശ്ശിക ₹2,41,766/-നിലനിൽക്കുന്നു

പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 12 കടമുറികളുടെ, 2024-25 സാമ്പത്തിക വർഷത്തെ വാടക സംബന്ധിച്ച ഫയലുകൾ, രജിസ്റ്റർ, എന്നിവ പരിശോധിച്ചത് പ്രകാരം താഴെ ചേർക്കുന്ന അപാകതകൾ ഉണ്ട്. ഈ അപാകതകളോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/29.10.25)മറുപടി ലഭ്യമാക്കിയില്ല.

1. വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല.

ക്രമ നം.	കെട്ടിട നം.	വാടകക്കാരന്റെ പേരുവിവരം	പ്രതിമാസ വാടക, കുടിശ്ശിക തുക	റിമാർക്സ്
1.	X/520	പി.ഒ. ജോൺസൺ, പാരണികുളങ്ങര, പാറക്കടവ് പി.ഒ.	2024 ഡിസംബർ മുതൽ 2025 മാർച്ച് വരെ. 2415 X 4 = 9660/-	–
2.	X/521	അമ്മിണി, കണക്കുറി,11/151, പാറക്കടവ് പി.ഒ.	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ. 4489 X 12 = ₹53868/-	2024 മാർച്ച് മാസത്തെ മുൻവാടക കുടിശ്ശിക ഇപ്പോഴും നിലനിൽക്കുന്നു. (2023-24 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-13ൽ സൂചിപ്പിച്ചിട്ടുള്ളതാണ്.)
3.	X/524	വത്സ ജെയ്സൺ, പാനികുളങ്ങര,	2024 ഏപ്രിൽ മുതൽ	2022മെയ് മുതൽ 2024 മാർച്ച്

		പാറക്കടവ് പി.ഒ.	2025 മാർച്ച് വരെ. 1820 X12 = 21840/-	വരെയുള്ള മുൻവാടക കുടിശ്ശിക ഇപ്പോഴും നിലനിൽക്കുന്നു. (2023-24 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-13ൽ സൂചിപ്പിച്ചിട്ടുള്ളതാണ്.)
4.	X/527	പി.റ്റി. മാത്തച്ചൻ, പറമ്പേൻ, പാറക്കടവ് പി.ഒ.	2024 ഡിസംബർ മുതൽ 2025 മാർച്ച് വരെ. 2818 X 4 =11272	-
5.	X/528	പോൾ ഡി. പോൾ, ചക്യത്ത്	2025 ജനുവരി മുതൽ 2025 മാർച്ച് വരെ. 1802 X 3 =5406/-	-
6.	X/527 F	പി.എ. ഷാജി, പുലിക്കുന്നത്ത് (H)	2024 ഏപ്രിൽ മുതൽ 2025 ജനുവരി വരെ. 5418 X 10 = 54180/- 2025 (ഫെബ്രുവരി& മാർച്ച്) 5851 X 2 =11702/-	2023 ജനുവരി മുതൽ 2024 മാർച്ച് വരെയുള്ള മുൻവാടക കുടിശ്ശിക ഇപ്പോഴും നിലനിൽക്കുന്നു. (2023-24 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-13ൽ സൂചിപ്പിച്ചിട്ടുള്ളതാണ്.)

7.	X/527 H	ബിജു കെ.സി., കല്ലൂരാൻ, എളവൂർ പി.ഒ.	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ. 5185 X 10= 51850/- 5444 X 2 = 10888/-	2019 ജൂൺ മുതലുള്ള മുൻവാടക കുടിശ്ശിക ഇപ്പോഴും നിലനിൽക്കുന്നു. (2023-24 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-13ൽ സൂചിപ്പിച്ചിട്ടുള്ളതാണ്.)
8.	X/534	കെ.ഒ ചെറിയാൻ, കല്ലറയ്ക്കൽ	2024 ഒക്ടോബർ മുതൽ 2025 മാർച്ച് വരെ. 1850 X 6 =11100/-	
		ആകെ	241766.00	

2024-25 സാമ്പത്തിക വർഷം വാടക കുടിശ്ശികയായി ₹2,41,766/-നിലനിൽക്കുന്നു.

2. മേൽ സൂചിപ്പിച്ച 8 വാടകക്കാരുമായുള്ള കരാർ പരിശോധനക്ക് ലഭ്യമാക്കിയില്ല.
3. ബൈലോ പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.
4. ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
5. വാടകയുടെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. വാടക കുടിശ്ശിക തുക ജി.എസ്.റ്റി. ഉൾപ്പെടെ പിഴപലിശ സഹിതം വാടകക്കാരിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. തുടർച്ചയായി രണ്ട് വർഷത്തിലധികമായി വാടക നൽകാത്ത കരാറുകാർക്ക് വാടകകരാർ പുതുക്കി വീണ്ടും കടമുറികൾ വാടകയ്ക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതും, വാടക

കുടിശ്ശികയുള്ളവരിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള/ ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. ഇക്കാര്യം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്.

2. മേൽ പട്ടികയിൽ സൂചിപ്പിച്ച 8 വാടകക്കാരുമായുള്ള, നിർദിഷ്ട മൂല്യമുള്ള, സ്റ്റാമ്പ് പേപ്പറിൽ കെട്ടിട നമ്പർ, മാസവാടക, ആദ്യഗഡു നൽകേണ്ട തീയതി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി കരാർ ചമക്കേണ്ടതാണ്.

3. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും, കയ്യൊഴിക്കലും) ചട്ടങ്ങളിലെ, ചട്ടം7(1) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കി, സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

4. വാടക രജിസ്റ്ററിൽ, ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ പൂർണ്ണമായ വിവരങ്ങൾ, ഇൻഡെക്സ് സഹിതം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5. വാടകയുടെ ഡി.സി.ബി. സ്റ്റേറ്റ്മന്റ് തയ്യാറാക്കി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

6. പഞ്ചായത്ത് കടമുറികൾ വാടകയ്ക്ക് എടുക്കുന്നവർ തന്നെയാണ് തുടർന്നും അവ ഉപയോഗിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടപ്പുണ്ടെങ്കിൽ അവയിൽ നിന്ന് വാടക വരുമാനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 വിനോദനികുതി അപാകതകൾ

പാറക്കടവ് ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം വിനോദനികുതി പിരിച്ചെടുത്തത് സംബന്ധിച്ച് താഴെ ചേർക്കുന്ന അപാകതകൾ നിലനിൽക്കുന്നു.

1.സാമ്പത്തിക വർഷം വിനോദനികുതിയിനത്തിൽ ലഭ്യമായ വരവിന്റെ യാതൊരുവിധ വിവരങ്ങളും വിനോദനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2.സ.ഉ.(സാധാ)നം.112/2019 തസ്വഭവ തീ. 31.08.2019 പ്രകാരം ഗ്രാമപഞ്ചായത്തിലെ വിനോദനികുതി ഈടാക്കുന്നതിനുള്ള നിരക്ക്, 100രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% ആണ്. ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നതുവരെ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശസ്വയം സ്വയം ഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ 2024 ഫെബ്രുവരി മാസം മുതൽ പിരിച്ച നികുതി അടവാക്കിയിരിക്കുന്നത് 2024 ഒക്ടോബർ മാസത്തിലാണ്.

4.ഗ്രാമപഞ്ചായത്തിന്റെ വിനോദനികുതി സംബന്ധമായ ഫയലുകൾ, കൃപാ മൂവീസ് സിനിമ തീയറ്റർ ഉടമ ലഭ്യമാക്കിയിട്ടുള്ള കളക്ഷൻ സ്റ്റേറ്റുമെന്റ്(26.02.2024 മുതൽ 08.10.2024 വരെ) എന്നിവ പരിശോധിച്ചതുപ്രകാരം, 26.02.2024 മുതൽ 31.03.2025 കാലയളവ് വരെയുള്ള വിനോദനികുതിവരവിനത്തിൽ, തീയറ്റർ ഉടമ കണക്കാക്കി നൽകിയ തുക ₹91,034/- (രസീത് നം.1240102254/09.10.2024)മാത്രമാണ് അടവാക്കിയിട്ടുള്ളത്. വിനോദനികുതിയിനത്തിൽ നിയമപ്രകാരം ഈടാക്കേണ്ട മുഴുവൻ തുകയും, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ഡിമാന്റ് ചെയ്യുകയോ, അടവാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകളോടനുബന്ധിച്ച് നൽകിയ എൻക്വയറി നം.14/31.10.25 ന് മറുപടിയായി, സിനിമ തീയറ്റർ ഉടമ ആറ് മാസം കൂടുമ്പോഴാണ് വിനോദനികുതി അടവാക്കുന്നതെന്നും ഇനിമുതൽ അതാതു മാസം അടവാക്കുന്നതിനുള്ള നിർദ്ദേശം

നൽകുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്.

26.02.2024 മുതൽ 31.03.2025 കാലയളവ് വരെ വിനോദനികുതിയിനത്തിൽ ലഭിക്കേണ്ട മുഴുവൻ കുടിശികതുകയും കണക്കാക്കി,ഡിമാന്റ് ചെയ്ത് ഈടാക്കി, ഒടുക്ക് വരുത്തിയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. അതാതു മാസം വിനോദനികുതി ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. വിനോദനികുതി രജിസ്റ്റർ, വിനോദനികുതിയിനത്തിൽ ലഭ്യമാകുന്ന മുഴുവൻ വരവിന്റെയും വിശദവിവരങ്ങൾ രേഖപ്പെടുത്തി, ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

സിനിമാ ടിക്കറ്റിന്മേൽ വിനോദനികുതി ഈടാക്കുന്നത് സിനിമ തീയറ്ററുകളിൽ നിന്നും അതാത് മാസം ലഭ്യമാക്കുന്ന സ്റ്റേറ്റ്മന്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. ടി സ്റ്റേറ്റ്മന്റുകളുടെ കൃത്യത പരിശോധിക്കാനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്താവുന്നതാണ്.

1-13 ഉപയോഗക്രമം മാറ്റി വസ്തുനികുതി ഈടാക്കിയിരിക്കുന്നു

സഞ്ചയസോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി പരിശോധിച്ചതുപ്രകാരം താഴെചേർക്കുന്ന സ്ഥാപനങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു.

ക്രമ നം.	കെട്ടിട നം.	ഉടമസ്ഥൻ/ സ്ഥാപനം	ഉപയോഗക്രമം	വസ്തു നികുതി നിരക്ക് (₹)	കെട്ടിടത്തിന്റെ തറവിസ്തീർണ്ണം (ച.മീ.)

1	7/303A	പാറക്കടവ് സർവ്വീസ് സഹകരണ ബാങ്ക്	ബങ്കുകൾ	30.00	112.3
2	7/303B	പാറക്കടവ് സർവ്വീസ് സഹകരണ ബാങ്ക്	ബങ്കുകൾ	30.00	101.88
3.	13/61	കൂരൻ സ്റ്റോഴ്സ്	പാർപ്പിടം	5.00	130 (102 + 28)

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സർവ്വീസ് സഹകരണ ബാങ്കുകളുടെ (ക്രമ നം, 1&2) ഉപയോഗക്രമം "ബങ്കുകൾ" എന്ന് തെറ്റായി രേഖപ്പെടുത്തിയും, ലൈസൻസ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനായി ലൈസൻസ് എടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് (ക്രമ നം, 3&4) ഉപയോഗക്രമം "പാർപ്പിടം" എന്ന് തെറ്റായി രേഖപ്പെടുത്തിയും, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു.

മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (19/01.11.25)മറുപടിയായി, കൂരൻ സ്റ്റോഴ്സ് എന്ന സ്ഥാപനം 13/69 -ാം നമ്പർ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും അത് വാണിജ്യകെട്ടിടമാണെന്നും, ലൈസൻസ് അപേക്ഷയിൽ 13/61 എന്ന് നമ്പർ തെറ്റായി രേഖപ്പെടുത്തിയതായിരുന്നെന്നും, 7/303A, 7/303B എന്നീ കെട്ടിടങ്ങളുടെ ശരിയായ ഉപയോഗം “ബാങ്ക്” എന്നാണെന്നും “ബങ്ക്” എന്ന് തെറ്റായി ഉപയോഗിച്ചതാണെന്നും അറിയിക്കുകയുണ്ടായി.

മേൽ ചേർത്തിരിക്കുന്ന പട്ടികയിലെ 7/303A, 7/303B എന്നീ കെട്ടിടങ്ങളുടെ

ഉപയോഗക്രമം വാണിജ്യാവശ്യത്തിലുൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി, രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-14 തനത് വരുമാനം - പിരിവ് കാര്യക്ഷമമല്ല - വികസനഫണ്ടിൽ നിന്നും ₹2,69,300/- കുറവ് ചെയ്തു.

ധനകാര്യ (എസ്.എഫ്.സി സെൽ - എ) വകുപ്പിന്റെ 18-10-2022 ലെ ജി.ഒ.(എം.എസ്)179/2022/ ധന ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ (എസ്.സിപി, ടി.എസ്.പി ഒഴികെയുള്ള) നിന്നും ഒരു ശതമാനം തുക കുറവ് ചെയ്യുവാൻ തീരുമാനിച്ചിരുന്നു. പ്രാദേശിക സർക്കാരുകൾക്ക് 2024-25 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 1625/2025/ ധന തീയതി 20-02-2025 പ്രകാരം ലഭ്യമാക്കിയതിൽ, മുൻവർഷം തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തതിനാൽ പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 2,69,300/- രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്.

2024-25 വാർഷിക ധനകാര്യ പത്രികയിൽ B-15 Sundry Debtors (Receivables) പ്രകാരം ഡിമാന്റ് ചെയ്തിട്ടും താഴെ ചേർത്ത തനത് വരുമാനം തൻവർഷം പിരിച്ചെടുക്കാത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

തനത് വരുമാനം - ഇനം	ഡിമാന്റ് ചെയ്തിട്ടും വർഷാവസാനം കുടിശ്ശിക
Receivables For Property Tax On Residential Buildings(Current)	8,63,452

Receivables For Property Tax On Residential Buildings (Arrears)	4,64,922.45
Receivables For Property Tax On Non-Residential Buildings (Current)	10,09,848
Receivables For Property Tax On Non-Residential Buildings (Arrears)	8,89,793
Receivables For Profession Tax - Traders (Arrears)	7,590
Rent Receivables From Buildings(Current)	2,82,969
Rent Receivables From Buildings(Arrears)	5,11,046

തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ വൻതുക തൻവർഷം കുടിശ്ശിക ഉള്ളതിനാൽ തുടർ വർഷങ്ങളിലും വികസന ഫണ്ട് കുറവ് ചെയ്യാൻ സാധ്യത നിലനിൽക്കുന്നു. ആയത് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (02/27-10-2025) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-15 സംയുക്ത പ്രോജക്ട് ഗ്രാന്റ് വിഹിതം യഥാസമയം വിനിയോഗിച്ചില്ല : ₹1,13,05,042 നഷ്ടമായി.

വാർഷിക ധനകാര്യ പത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം പഞ്ചായത്തിന് റിഡംപ്ഷൻ തുകയിനത്തിൽ (ഹെഡ് കോഡ് 431500199) ₹2,16,22,446 തിരികെ ലഭിക്കുവാനുണ്ട്.

വർഷാരംഭത്തിൽ ലഭിക്കാനുള്ള റിഡംപ്ഷൻ തുക	₹2,08,17,905
തൻവർഷത്തെ റിഡംപ്ഷൻ തുക (₹1,03,17,404 + ₹1,13,05,042)	₹2,16,22,446

ആകെ റിഡംപ്ഷൻ തുക	₹4,24,40,351
തൻവർഷം തിരികെ ലഭിച്ച തുക (₹9,507,025 + ₹5,838+ ₹1,03,17,404)	₹2,08,17,905
വർഷാവസാനം തിരികെ ലഭിക്കുവാനുള്ള റിഡംപ്ഷൻ തുക	₹2,16,22,446

തൻവർഷം തിരികെ ലഭിച്ചതായി എഎഫ്എസ്-ൽ രേഖപ്പെടുത്തിയിട്ടുള്ളത് (RP 45(R) 20812067/- രൂപയാണ്. എന്നാൽ 431500199 നമ്പർ ലെഡ്ജർ പ്രകാരം 20817905/- രൂപയാണ് ലഭ്യമായതായി കാണുന്നത്. വ്യത്യാസമുള്ള 5838/-രൂപ ട്രഷറിയിൽ വരവായതിന്റെ രേഖകൾ എൻക്വയറി മുഖേന(നം.3) ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിനാൽ ആയത് വാർഷിക കണക്കിന്റെ അപാകതയായി ഭാഗം 1-ൽ ചേർത്തിട്ടുണ്ട്. ടി തുക വരവായി ലഭിച്ചത് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതും തെറ്റായി പോസ്റ്റ് ചെയ്തതാണെങ്കിൽ അപാകത പരിഹരിക്കേണ്ടതുമാണ്.
മേൽ ചേർത്ത പ്രകാരം വർഷാവസാനം ₹2,16,22,446 രൂപ തിരികെ ലഭിക്കാനുണ്ട്. ഇതിൽ ₹1,03,17,404 രൂപ 03-04-2025 ൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായിട്ടുണ്ട്. സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള ₹1,13,05,042 രൂപ നാളിത് വരെയും ലഭ്യമായിട്ടില്ല. ഈ തുക 25-26 വർഷത്തിൽ തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലെങ്കിൽ ആയത് ലഭിക്കുന്നതിനായി പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടി വിവരങ്ങളും ലഭ്യമാക്കുവാൻ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറിക്ക് (03/27-10-2025) മറുപടിയോ രേഖകളോ ലഭ്യമായില്ല. 03.04.2024 ലെ 22/2024/ധന. നമ്പർ സർക്കുലർ പ്രകാരം ജോയിന്റ് വെഞ്ചർ ടി.എസ്.ബി. അക്കൌണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയിട്ടുള്ള തുക ഇനി റീഅലോട്ട് ചെയ്യില്ല എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ തുക ഇനി തിരികെ ലഭിക്കാൻ സാദ്ധ്യതയില്ല. യഥാസമയം തുക വിനിയോഗിക്കാതിരുന്നതിനാൽ

ഈ തുക പഞ്ചായത്തിന് നഷ്ടമായിട്ടുള്ളതാണ്. പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റ് തുകകൾ നഷ്ടമാക്കാതെ യഥാസമയം തന്നെ നിർദ്ദിഷ്ട ആവശ്യത്തിനു വേണ്ടി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 മുൻകൂർ നൽകിയ തുക - ₹38,31,909 ക്രമീകരിച്ചിട്ടില്ല.

വാർഷിക ധനകാര്യപത്രികയിലെ ബി.18 ഷെഡ്യൂളിൽ താഴെ ചേർത്ത മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഹെഡ് കോഡ്	ശീർഷകം	തുക ₹
460100103	Temporary Advance For Official Purposes	6,98,204
460100199	Other Advances	89,393
460500501	Advance To Implementing Officers	29,81,566
460509901	Advance To Others	62,746
	ആകെ	38,31,909

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 99 പ്രകാരം പ്രത്യേക ആവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന അഡ്വാൻസുകൾ വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം മൂന്ന് മാസത്തിനകം ക്രമീകരിക്കേണ്ടതാണ്. സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ വീഴ്ച ഉണ്ടായാൽ മുൻകൂർ നൽകിയ മുഴുവൻ തുകയും അതിന്റെ 18% പിഴപലിശ സഹിതം ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ സൂചിപ്പിച്ച മുൻകൂറുകൾ ഇപ്രകാരം ക്രമീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണവും മുൻകൂർ ആരൊക്കെയാണ് ഏതാവശ്യത്തിന് കൈപ്പറ്റിയതെന്നുള്ള വിവരവും ആയത് നാളിതുവരെ ക്രമീകരിക്കാതിരുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കുന്നതിന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (01/27-03-2025) നൽകിയെങ്കിലും

മറുപടി ലഭ്യമായില്ല. മുൻകൂറായി നൽകുന്ന തുകകൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം തന്നെ ക്രമീകരിക്കുന്നതിനും അല്ലാത്തപക്ഷം ചട്ടം അനുശാസിക്കുന്ന തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിയുടെ ശ്രദ്ധയിലേക്കായി ശുപാർശ ചെയ്യുന്നു.

1-17 പെൻഷൻ വിതരണം

ഗ്രാമപഞ്ചായത്തിൽ, മരണം രജിസ്റ്റർ ചെയ്തതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ആസ്പദമാക്കി സേവന സോഫ്റ്റ്‌വെയർ മുഖേന പെൻഷൻ വിതരണം പരിശോധിച്ചതിൽ, താഴെചേർക്കുന്ന ഗുണഭോക്താക്കളുടെ മരണശേഷവും തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്/ ആധാർ നം.	മരണപ്പെട്ട തീയതി/ പെൻഷൻ ഇനം/	നിക്ഷേപിച്ച തുക
1.	ശ്രീമതി. ഏല്യ കുര്യാക്കോസ് 239800465146	28.04.24 വാർദ്ധക്യകാല പെൻഷൻ	600.00 (2024 മെയ്)
2.	ശ്രീമതി. സുമതിയമ്മ രാമകൃഷ്ണൻ നായർ.	17.03.2024 വാർദ്ധക്യകാല പെൻഷൻ	1200.00 (2024 ഏപ്രിൽ, മെയ് 600x2)
3.	ശ്രീ.എൻ.ജി. കൃഷ്ണദാസ് 807339021617	24.02.2024 വാർദ്ധക്യകാല പെൻഷൻ	4800/- (2024 മാർച്ച്, ഏപ്രിൽ, മെയ് 1600x3)

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതയോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.6/29.10.25) മറുപടിയായി, ഈ അപാകത ശ്രദ്ധയിൽപ്പെടാതെ സംഭവിച്ചതാണെന്നും,

തിരികെ ഈടാക്കുന്നതിന് കത്ത് നൽകി പെൻഷൻ ഫണ്ടിലേക്ക് അടവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ഗുണഭോക്താക്കൾ മരണപ്പെട്ടതിന് ശേഷം അനർഹമായി ക്രെഡിറ്റ് ചെയ്യപ്പെട്ട തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ഫണ്ടിലേക്ക് തിരികെ അടവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-18 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - 2023-24 ൽ പ്രോജക്ട് രൂപീകരിച്ചിട്ടും വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ലഭ്യമായില്ല.

പ്രോജക്ട് നമ്പർ, പേര്	S00392/2025, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്പിൽ ഓവർ)
അടങ്കൽ	വികസന ഫണ്ട് – എസ്.സി.പി = 7,30,880/-
ചെലവ്	വികസന ഫണ്ട് – എസ്.സി.പി = 7,30,880/-
ബിൽ നമ്പർ	39/09-05-2024
നിർവ്വഹണം	അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് പ്രകാരം പട്ടിക ജാതി വിഭാഗത്തിലുള്ള 20 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വാങ്ങുന്നതിന് 7,30,880/- രൂപ കെൽട്രോണിന് നൽകിയെങ്കിലും ഇവ ലഭ്യമായില്ല. 2023-2024 സാമ്പത്തിക വർഷത്തിൽ ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചെങ്കിലും (പ്രോജക്ട് നം.18/2024) 2024 മാർച്ച് അവസാനം ബിൽ നൽകിയതിനാൽ ക്യൂ ബിൽ ആവുകയും പദ്ധതി നടപ്പിലാകാതെ 2024-2025 ലേക്ക് സ്പിൽ ഓവറാകുകയും ചെയ്തു. 2024-2025 ൽ പദ്ധതി നടപ്പിലാക്കുന്നതിന് കെൽട്രോണിന് മേൽ പ്രോജക്ട് പ്രകാരം 09-05-2024 ൽ തുക നൽകിയെങ്കിലും ലാപ്ടോപ്പുകൾ ലഭ്യമായില്ല. തുടർന്ന് ഒരു വർഷക്കാലം യാതൊരു തുടർനടപടികളും വിഷയത്തിൽ സ്വീകരിച്ചില്ല. 13-05-2025 ലെ 6(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം 05-06-2025ൽ ഐ.ടി മിഷന് കത്ത്

നൽകിയതിനെ തുടർന്ന് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് 24-06-2025 ൽ ടി തുക തിരികെ ലഭ്യമാക്കിയിട്ടുണ്ട്. എസ്.സി.പി ഫണ്ടിലേക്ക് തിരികെ അടവാക്കാതെ തനത് ഫണ്ടിലാണ് ടി തുക നിലവിൽ സൂക്ഷിച്ചിട്ടുള്ളത്. 09-05-2024 ന് കെൽട്രോണിന് തുക നൽകിയെങ്കിലും ഒരു വർഷത്തിന് ശേഷം മാത്രമാണ് ലാപ്ടോപ് ലഭ്യമാകാത്തത് സംബന്ധിച്ച് കെൽട്രോണിന് കത്ത് നൽകിയത്. ടി പ്രോജക്ട് മുഖേന വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കുകയോ പദ്ധതി ലക്ഷ്യം നേടുകയോ ചെയ്തില്ല. നിലവിൽ ഗുണഭോക്താക്കളിൽ ചില വിദ്യാർത്ഥികളുടെ കോഴ്സ് പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. മേൽ അപാകങ്ങൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (10/29-10-2025) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ലാപ്ടോപ്പ് അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് മറ്റു സർക്കാർ പദ്ധതികളിൽ നിന്ന് ലാപ്ടോപ്പ് ലഭ്യമായിട്ടില്ല എന്നുറപ്പ് വരുത്തി സർക്കാർ ചട്ടങ്ങൾ പാലിച്ച് നിയമാനുസൃത നടപടികൾ മുഖേന ലാപ്ടോപ്പ് വാങ്ങി നൽകി കാലവിളംബമില്ലാതെ പ്രോജക്ട് നടപ്പിലാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ തുടർനടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്.

1-19 ഹോമിയോ മരുന്ന് ലഭ്യമായില്ല- ₹1,64,839/- തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ, പേര്	77/25, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഹോമിയോ
ആകെ അടങ്കൽ	₹2,00,000/- (റോഡിതരം -മെയിന്റനൻസ് ഫണ്ട്)
ആകെ ചെലവ്	₹2,00,000/-
BRN NO.	24110 45202 13010 41298/30.01.2025

2024-25 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പിലാക്കിയ "ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ" പ്രൊജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് തുക ₹2,00,000/- (പ്രൊഫോർമ ഇൻവോയ്സ് നം.PF-619/14.11.24)നൽകിയിട്ടുണ്ട്. അതിൽ ₹35,161/- യുടെ മരുന്നുകൾ (ഇൻവോയ്സ് നം. LF-1280/26.08.2025)മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള ₹1,64,839/- യുടെ മരുന്ന് ലഭ്യമായിട്ടില്ല. പ്രസ്തുത അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (16/31.10.2025)മറുപടി ലഭ്യമാക്കിയില്ല.
ബാക്കി ലഭിക്കാനുള്ള മരുന്ന് ആശുപത്രിയിലേക്ക് ലഭ്യമാക്കി, അവയുടെ ടാക്സ് ഇൻവോയ്സും സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ₹1,64,839/- തടസ്സപ്പെടുത്തുന്നു.

1-20 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല- ₹1,69,599/-തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ നം., പേര്	1)28/25, കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ	2)152/25, പാലിയേറ്റീവ് കെയർ
അടങ്കൽ	1800000/- (തനത് ഫണ്ട്- 200000, മെയിന്റനൻസ് ഫണ്ട് നോൺറോഡ് - 1600000/-	572311/- (വികസന ഫണ്ട് ജനറൽ – 472311, ബ്ലോക്ക് പഞ്ചായത്ത് വിഹിതം -100000)
ചെലവ്	1685709/- (തനത് ഫണ്ട്- 100000, മെയിന്റനൻസ് ഫണ്ട് നോൺറോഡ് – 1585709/-	472311/- (വികസന ഫണ്ട് ജനറൽ-472311, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-0)

ബിൽ നം/ തിയതി- തുക	1)73/07.06.24 - 90971/- 2)87/04.07.24 -66299/- 3)88/04.07.24 - 67492 4)88/04.07.24- 36262/- 5) 103/11.07.24 -6654/- 6) 124/01.08.24 -125036/- 7) 171/ 31.08.24 -35671/- 8)190/09.09.24 – 24226/- 9)189/09.09.24 – 86016 10)200/11.09.24 – 59 11)263/18.10.24 – 42144 12)266/18.10.24 – 14045 13)291/21.11.24 – 51970 14)321/12.12.24 – 14990 15)330/17.12.24 – 10080 16)387/08.01.25 - 99269 17)417/21.01.25 – 45234 18)447/04.02.25 – 92584 19)450/05.02.25 – 99999 20)448/05.02.25 – 95838 21)503/28.02.25 – 106017 22)560/10.03.25 – 95639 23)577/12.03.25 – 14833 24)597/17.03.25 – 100000 25)644/21.03.25 – 99952	1)19/09.05.24 – 91181/- 2)203/09.05.24 – 48164/- 3)204/09.05.24 - 83500/- 4)210/09.05.24 - 83150/- 5)352/24.12.24- 166316/-

	26)653/23.03.25 – 64429 27)ചെക്ക് നം 707172/25.03.25-100000/	

2024-25 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി, പാറക്കടവ് പഞ്ചായത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതികളിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും താഴെ ചേർത്ത ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.

1) പ്രോജക്ട് 28/25, ക്രമ നം. 19 ലെ ബിൽ പ്രകാരം 99999/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (പ്രോഫോർമ ഇൻവോയിസ് നം-PRF/3383/01.02.25)മരുന്നുകൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ നിന്നും 76039/- രൂപയുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ ബാക്കി 23960/- രൂപയുടെ മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് 28/25, ക്രമ നം. 24 ലെ ബിൽ പ്രകാരം 100000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (പ്രോഫോർമ ഇൻവോയിസ് നം.PRF/4312/14.03.25)മരുന്നുകൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ നിന്നും 100000/- രൂപയുടെ മരുന്ന് ലഭ്യമായില്ല.

പ്രോജക്ട് 28/25, ക്രമ നം. 27 ലെ ബിൽ പ്രകാരം 1,00,000/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (പ്രോഫോർമ ഇൻവോയിസ് നം.PRF/4549/19.03.25)മരുന്നുകൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ നിന്നും 60,234/- രൂപയുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ ബാക്കി 39,766/- രൂപയുടെ മരുന്ന് ലഭ്യമായില്ല.

2) പ്രോജക്ട് 152/25, ക്രമ നം. 1 ലെ ബിൽ പ്രകാരം 91,181/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (പ്രോഫോർമ ഇൻവോയിസ് നം.PRF/3887/08.02.24)മരുന്നുകൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ നിന്നും 85,308/- രൂപയുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ ബാക്കി 5,873/- രൂപയുടെ മരുന്ന് ലഭ്യമായില്ല.

ഇത്തരത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് 2 പ്രോജക്ടുകളിലായി

₹3,91,180/- മരുന്നുകൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ നിന്നും ആയതു പൂർണ്ണമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ക്യാഷ് ബിൽ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം.16/31.10.25) നൽകിയ മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനെ രേഖാമൂലം അറിയിക്കുന്നതാണെന്ന് അറിയിച്ചു.

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും അവശേഷിക്കുന്ന (23,960 +1,00,000+ 39,766 +5873) ₹1,69,599/-യുടെ മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയ്സ് ലഭ്യമാക്കുന്നതുവരെ ₹1,69,599/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല.

ലൈഫ് ഭവന പദ്ധതിയുടെ (ജനറൽ), (എസ്.സി) രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്, മേൽവിലാസം	കരാർ വെച്ച തീയതി	നാളിതു വരെ ആകെ നൽകിയ തുക (ലൈഫ് ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം)
I	**ലൈഫ് ഭവന പദ്ധതി - എസ്.സി**		
1.	ഗിരിജ ഗോപി മാലൻതറ ഹൗസ്, കുന്നപ്പിള്ളിശ്ശേരി, പുളിയനം, വാർഡ് - 14	09.03.2023	3,40,000/-

2	കാളിക്കുട്ടി പാറയൻപറമ്പിൽ ഹൗസ്, കുറുമശ്ശേരി, വാർഡ് - 08	21.03.2023	40,000/-
3	അജി.എ.കെ ആലപ്പാട്ട്, കുറുമശ്ശരി, വാർഡ് - 08	10.05.2023	3,60,000/-
II	**ലൈഫ് ഭവന പദ്ധതി - ജനറൽ**		
1.	നളിനി പുരുഷോത്തമൻ, മാറാത്ത് ഹൗസ്, പാറക്കടവ്, വാർഡ് - 12	21.03.2023	3,00,000/-

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയോ എന്ന വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.07/29.10.2025) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളെ നേരിൽ കണ്ട് പണി ആരംഭിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും, പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു. ഭവന നിർമ്മാണം പൂർത്തിയാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-22 THRS- വാങ്ങൽ ബില്ലുകളിൽ 2 ശതമാനം ജി.എസ്.ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം നൽകുന്ന ബിൽ തുകയിൻമേൽ 2 ശതമാനം ടി.ഡി.എസ് ഈടാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8.3.19 ലെ നം. ഡി.എ 1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം പ്രൊജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ വനിതാ ശിശു വികസന ഡയറക്ടർ പ്രോഗ്രാം ഓഫീസർമാർക്ക് 18.8.21ന് അയച്ച ഐസിഡിഎസ് ബി3/ 13220/21 നമ്പർ കത്തിൽ അമൃതം ന്യൂട്രിമിക്സിന് 5% ജിഎസ്ടി ഉൾപ്പെടെയാണ് 73.5 രൂപ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജി.എസ്.ടി ഒഴിവാക്കുന്നതിൽ കേന്ദ്രസർക്കാരിൽ നിന്നുള്ള സ്പഷ്ടീകരണം ലഭ്യമാക്കുന്നതുവരെ ജി.എസ്.ടി ഈടാക്കാൻ നിർദ്ദേശിച്ചിട്ടുമുണ്ട്. എന്നാൽ ഐ.സി.ഡി.എസ് സുപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണം പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് കരിയാട് (GSTIN-32AAEAA3929R1ZG) എന്ന സ്ഥാപനത്തിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	06/25 അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി
അടങ്കൽ	വികസന ഫണ്ട് -1000000
	കേന്ദ്ര വിഹിതം -2000000
	ബ്ലോക്ക് വിഹിതം -50000
	ആകെ -3050000
ചെലവ്	വികസന ഫണ്ട് -584281
	കേന്ദ്ര വിഹിതം -1714346
	ബ്ലോക്ക് വിഹിതം -50000
	ആകെ - 2348627
നിർവ്വഹണ ഉദ്യോഗസ്ഥ	ഐസിഡിഎസ് സൂപ്പർവൈസർ

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽ നമ്പർ & തീയതി	തുക	ഇൻവോയിസ് നമ്പർ/ തീയതി	തുക
1	442/15.10.24	1,39,649	473/05.07.24	100500
2	443/15.10.24	3,75,639	457/19.08.24	1,18,641
			467/07.09.24	94,317
3	481/21.11.24	1,79,023	477/10.10.24	95,434
4	695/01.03.25	52,735	498/10.12.24	52,735
5	547/30.12.24	50,000	498/10.12.25	50000
6	777/15.03.25	2,51,158	522/13.03.25	87,617
			ആകെ	5,99,244

ജി.എസ്.ടി തുക ഉൾപ്പെടുത്തിയിട്ടുള്ള ബില്ലുകളാണ് സ്ഥാപനം നൽകിയിട്ടുള്ളത്. മേൽ ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 09/29.10.25) ലഭ്യമാക്കിയ മറുപടിയിൽ തുടർ ബില്ലുകളിൽ നിന്ന് ടി.ഡി.എസ് ഈടാക്കുന്നതാണെന്ന് അറിയിച്ചു. ബില്ലുകളുടെ തുക അനുവദിക്കുന്നതിന് മുൻപ് നിയമാനുസൃത നികുതികൾ കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-23 വനിതകൾക്ക് തയ്യൽമെഷീൻ സബ്സിഡി - മാർഗ്ഗരേഖ നിർദ്ദേശത്തിന് വിരുദ്ധമായി തുക നൽകി

പ്രൊജക്റ്റ് നമ്പർ, പേര്	487/25,വനിതകൾക്ക് തയ്യൽമെഷീൻ സബ്സിഡി
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	432000.00 രൂപ

ചെലവ്	165000.00(82500.00 രൂപ (പൊതുവിഭാഗം - ജനറൽ) + 82500.00 ഗുണഭോക്തൃവിഹിതം)
ബിൽ നമ്പർ, തീയതി	708/26-3-2025(82500.00)

വനിതകൾക്ക് സ്വയംതൊഴിൽ സംരംഭത്തിനായി തയ്യൽമെഷീൻ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന പ്രൊജക്റ്റ് ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുണ്ട്. ജനറൽ വിഭാഗത്തിൽപ്പെട്ട പതിനഞ്ച് വനിതകൾക്കാണ് ധനസഹായം നല്കിയിട്ടുള്ളത്. ഒരു തയ്യൽമെഷീൻ യൂണിറ്റിന് 11000.00 രൂപയാണ് വില വന്നിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം അർഹതയുള്ള 50 % സബ്സിഡിയായ 5500.00 രൂപയാണ് ഒരാൾക്ക് നല്കിയിട്ടുള്ളത്. ഇത്തരത്തിൽ ആകെ പതിനഞ്ച് വനിതകൾക്ക് 82500.00 രൂപ(15 * 5500) സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ ബോധ്യപ്പെടുന്നു.

1. ഉക്രൻസ് ഹോം അപ്ലയൻസസ്, ചാലക്കുടി എന്ന സ്ഥാപനത്തിൽ നിന്നാണ് ഗുണഭോക്താക്കൾ തയ്യൽ മെഷീൻ വാങ്ങിയിട്ടുള്ളത്. മുഴുവൻ തുകക്കുമുള്ള ടാക്സ് ഇൻവോയ്സ് (തീയതി 18-3-2025) ലഭ്യമാക്കിയിട്ടുണ്ട്. എങ്കിലും ഗുണഭോക്തൃവിഹിതം ലഭ്യമാക്കിയതിന്റെ രേഖപ്പെടുത്തലുകൾ ഇവയിൽ ഇല്ല.

2. ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്കാണ് തുക 26-03-2025ൽ നല്കിയിട്ടുള്ളത്. ബാങ്ക് അക്കൗണ്ട് സംബന്ധിച്ച് പാസ്ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് മാത്രമാണുള്ളത്. സബ്സിഡി അക്കൗണ്ടിൽ വരവ് വന്നതിന്റെ രേഖയില്ല.

3. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വായ്പാബന്ധിതമല്ലാത്ത സംരംഭം ആരംഭിച്ചതിന് ശേഷം മൂന്ന് മാസത്തെ പ്രവർത്തനം വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടത്. എന്നാൽ തയ്യൽ മെഷീൻ യൂണിറ്റ് വാങ്ങിയതിന് ഒരാഴ്ച്ചക്കകം തന്നെ സബ്സിഡി നല്കിയതായി കാണുന്നു.

പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ, നിഷ്കർഷിക്കപ്പെട്ടിട്ടുള്ള പ്രത്യേക സമിതി നടത്തിയിട്ടുള്ളതായി കാണുന്നില്ല.

4. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 18 മുതൽ 59 വയസ്സ് വരെയുള്ള തൊഴിൽ രഹിതർക്കാണ് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സബ്സിഡി അനുവദിക്കാവുന്നത്. എന്നാൽ പ്രൊജക്റ്റ് പ്രകാരം സബ്സിഡി അനുവദിക്കപ്പെട്ട താഴെപ്പറയുന്ന രണ്ട് ഗുണഭോക്താക്കൾ 59 വയസ്സ് എന്ന പ്രായപരിധി കടന്നവരാണ്.

1. ശ്രീരഞ്ജിനി പി.പി., അർച്ചനാ നിവാസ്, പുളിയനം പി.ഒ, 67 വയസ്സ് (ആധാർ കാർഡ് പ്രകാരം ജനനത്തീയതി 05-01-1958)

2. മേരി, പാറേക്കാട്ടിൽ, പുളിയനം, പാറക്കടവ്, 68 വയസ്സ് (ആധാർ കാർഡ് പ്രകാരം ജനനത്തീയതി 13-09-1956)

പ്രൊജക്റ്റ് നിർവ്വഹണത്തിലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/30-10-2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ സമാനമായ പ്രൊജക്റ്റുകൾ നടപ്പിലാക്കുമ്പോൾ പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 പാറക്കടവ് കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല- 700000.00 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് നമ്പർ, പേര്	299/25, പാറക്കടവ് കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	700010.00 രൂപ

ചെലവ്	700000.00 രൂപ(പൊതുവിഭാഗം - ജനറൽ)
ബിൽ നമ്പർ/UTR, തീയതി	(UTR നമ്പർ RBI1842468544882/01-07-2024)

മേൽ പ്രൊജക്റ്റ് പ്രകാരം പാറക്കടവ് കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങുന്നതിനായി ആലുവ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 700000.00 രൂപ നല്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്റ്റ് സംബന്ധിച്ച നിലവിലെ അവസ്ഥ എന്തെന്ന് ഫയലിൽ നിന്ന് ബോധ്യപ്പെടുന്നില്ല. കുടിവെള്ള പദ്ധതിയുടെ കുടിവള്ള സ്രോതസ്സ് ഏതാണ്, ആയത് കുടിവെള്ളം ലഭ്യമാകത്തക്കരീതിയിൽ പരിപാലിക്കപ്പെട്ടിട്ടുണ്ടോ, എത്ര ഗുണഭോക്താക്കൾക്ക് കുടിവെള്ളം എത്തിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് മുതലായ വിവരങ്ങൾ ലഭ്യമല്ല. ചെലവഴിച്ച തുകക്കുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(12/30-10-2025) മറുപടി ലഭ്യമാക്കിയില്ല. ജൽജീവൻ മിഷൻ ആരംഭിക്കുന്നതിന് മുമ്പേ പ്രവർത്തിക്കുന്ന പദ്ധതിയാണെന്നും മോട്ടോർ തകരാറിലായതിനാൽ പുതിയ മോട്ടോർ വാങ്ങുന്നതിനാണ് പ്രൊജക്റ്റ് രൂപീകരിച്ചിട്ടുള്ളതെന്നും പ്രസിഡന്റ് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. പ്രൊജക്റ്റ് പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 700000.00 രൂപ തടസ്സപ്പെടുത്തുന്നു.

1-25 ലെഗസി വേസ്റ്റ് മാനേജ്മെന്റ്- നിർവ്വഹണത്തിലെ അപാകത

പ്രൊജക്റ്റ് നമ്പർ, പേര്	316/25, ലെഗസി വേസ്റ്റ് മാനേജ്മെന്റ്
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	350000.00 രൂപ
ചെലവ്	193892.00 രൂപ(ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ്)
ബിൽ നമ്പർ, തീയതി	289/19-11-2024(133492.00)

	719/27-3-2025(60400.00)

പാറക്കടവ് ഗ്രാമപഞ്ചായത്തിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിന് യു സി കോളേജ്, ആലുവയിലുള്ള പ്ലാൻ അറ്റ് എർത്ത് എന്ന സ്ഥാപനവുമായി പഞ്ചായത്ത് 14-03-2024 മുതൽ ഒരു വർഷത്തേക്ക് കരാറിലേർപ്പെട്ടിട്ടുള്ളതും അതനുസരിച്ച് മേൽ സ്ഥാപനത്തിന് പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചതിന് മേൽ പ്രൊജക്റ്റ് പ്രകാരം തുക നല്കിയിട്ടുള്ളതുമാണ്. കിലോഗ്രാമിന് 6.40 രൂപ നിരക്കിലാണ് ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിന് കരാറിലേർപ്പെട്ടിട്ടുള്ളത്. ലെഗസി വേസ്റ്റ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച ജി.പി.എസ്. എനേബിൾഡ് ലോക്കേഷൻ ചിത്രങ്ങൾ സഹിതമാണ് സ്ഥാപനം ബില്ലുകൾ സമർപ്പിച്ചിട്ടുള്ളത്. ഇവയിൽ 30-05-2024 ൽ എ.ജെ. നഗർ നെടുമ്പാശ്ശേരിയിൽ നിന്ന് മാലിന്യം ലോഡ് ചെയ്യുന്നതായും 19-06-2024 ൽ കറുകുറ്റിയിൽ നിന്ന് മാലിന്യം ലോഡ് ചെയ്യുന്നതായും 21-06-2024 ൽ അങ്കമാലിയിൽ നിന്ന് മാലിന്യം ലോഡ് ചെയ്യുന്നതുമായുള്ള ചിത്രങ്ങൾ ജി.പി.എസ്. ലൊക്കേഷൻ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള വിധമാണ്. 19-06-2024, 21-06-2024 തീയതികളിലെ ബില്ലുകളിൽ മുനിസിപ്പൽ വേസ്റ്റ് എന്നാണ് ഇനം ആയി രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. അതായത് മറ്റ് തദ്ദേശസ്ഥാപനങ്ങളിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിനു വന്ന ചെലവുൾപ്പെടെയാണ് ചെലവ് തുക നല്കിയിട്ടുള്ളത്. എം.സി.എഫിൽ നിന്നും ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നത് എം.സി.എഫിന്റെ ചാർജ് വഹിക്കുന്ന വി.ഇ.ഒ.യുടെ മേൽനോട്ടത്തിലായിരിക്കുമെന്ന് കരാറിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. മാലിന്യം കയറ്റുന്നതിന് മുൻപും കയറ്റിയതിന് ശേഷവും ഏജൻസി വി.ഇ.ഒ.യെ ബോധ്യപ്പെടുത്തുന്നതാണെന്നും കരാറിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ വി.ഇ.ഒ.യുടെ മേൽനോട്ടമോ ഭാരം സംബന്ധിച്ച സാക്ഷ്യപ്പെടുത്തലോ ഉണ്ടായിട്ടില്ല. ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യത്തിൽ നിന്ന് തരം തിരിച്ചതും തരം തിരിക്കാത്തതും ആയ റീസൈക്ലബിൾ വേസ്റ്റുകൾ അല്ലാതെയുള്ളവയാണ് ലെഗസി വേസ്റ്റ് ആയി കരാറിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇനർട്ട്, റിജക്റ്റ് , ചെരിപ്പ്, ബാഗ്,

ലെതർ, തുണിത്തരങ്ങൾ എന്നിവയാണ് ലെഗസി വേസ്റ്റ് ആയി കണക്കാക്കപ്പെട്ടിട്ടുള്ളത്. ആയവ കരാർ പ്രകാരം എം.സി.എഫിൽ വച്ച് വേർതിരിക്കപ്പെടേണ്ടവയായിരുന്നു. ആയത് ചെയ്യാതെ മറ്റ് പല ലൊക്കേഷനിൽ വച്ച് ലോറിയിൽ ലോഡ് ചെയ്യപ്പെടാനിടയായതുകൊണ്ടാണ് പാറക്കടവ് ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത ലൊക്കേഷനുകൾ ബില്ലുകൾക്കൊപ്പം ഉണ്ടായിട്ടുള്ളത്. മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/31-10-2025) മറുപടി ലഭ്യമാക്കിയില്ല. പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ ലെഗസി വേസ്റ്റ് നീക്കം ചെയ്യുന്നതിന് മാത്രം വന്നിട്ടുള്ള ചെലവ് മറ്റ് ലോക്കൽ ബോഡികളിലെ ലൊക്കേഷനുകൾ കൂടി ഉൾപ്പെടുന്ന മൊത്തം ചെലവ് തുകയിൽനിന്ന് വേർതിരിച്ച് നിജപ്പെടുത്തി അറിയിക്കുന്നതിനും എൻക്വയറി പ്രകാരം അറിയിച്ചിരുന്നു. മേൽ അപാകതകൾക്കുള്ള സമഗ്രമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-26 വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല- 1258476.00 രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ താഴെ ചേർത്തിട്ടുള്ള നിക്ഷേപ പ്രവൃത്തികൾ സെക്രട്ടറി നടപ്പാക്കിയിട്ടുണ്ട്.

പ്രൊജക്റ്റ് നമ്പർ, പേര്	അടങ്കൽ	ചെലവ് തുക	ബിൽ നം./ ചെക്ക് നം. തീയതി
148/25, എല്ലാ വാർഡുകളിലേയും സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ	750000/-	₹424214/- (പൊതുവിഭാഗം സാധാരണ വിഹിതം) ഇതിൽ 398599 രൂപക്കുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമാണ്. ബാക്കി 25615	വൗച്ചർ നമ്പർ 42401667/31-03-25

		രൂപക്കുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.	
എല്ലാ വാർഡുകളിലേയും സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (311/25)	162745/-	91,006/- (ധനകാര്യകമ്മീഷൻ അവാർഡ്)	648/22-03-25
വാർഡ് – 3,4, 5, 6, 10, 14, 15, 16, 17, 18 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (393/25)	10,79,000/-	10,79,000/- (600000 - വികസനഫണ്ട് ജനറൽ, 479000 - ധനകാര്യകമ്മീഷൻ അവാർഡ്)	1)524/06-03-25 ₹6,00,000 2)407/17-01-2025 ₹4,14,559 3)725/28-03-25 ₹16,541 4)726/28-03-25 ₹47,900
വാർഡ് – 11, 12, 13 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (394/25)	300000/-	62855/- (ധനകാര്യകമ്മീഷൻ അവാർഡ്)	ബിൽ നം. 724/28-03-25

മേൽ പ്രൊജക്റ്റുകൾ സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നമ്പർ 18 തീയതി 01-11-2025)നല്കിയിരുന്നു. എന്നാൽ വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല. അതിനാൽ ചെലവ് തുക 1258476.00 രൂപ തടസ്സപ്പെടുത്തുന്നു.

1-27 ഓഡിറ്റ് ഇംപാക്റ്റ്

ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം, രണ്ടാം അർദ്ധവർഷത്തിൽ, തൊഴിൽ നികുതി കുറവായി ഈടാക്കിയിരുന്നതിനോടനുബന്ധിച്ച് എൻക്വയറി (നം.5/29.10.2025) നൽകിയതിന്റെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ തുക അടവാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	തുക /രസീത് നം./ തീയതി
1.	നാഷണൽ ഇൻഫോ ടെക്നോളജീസ്	150.00 RG071304-25004014 /31.10.2025
2.	ലിറ്റിൽ ഫ്ലവർ അക്കാദമി, കുറുമ്മാശ്ശേരി പി.ഒ.	4300.00 RG071304-25004023/31.10.2025
3.	പ്രീയ നഴ്സിംഗ് ഹോം	450.00 R-G071304-25004050/03.11.2025
	ആകെ	4900.00

1-28 ഹെൽത്ത് ഗ്രാന്റ് - വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷന്റെ അന്തിമ റിപ്പോർട്ടിലെ ഏഴാം അദ്ധ്യായത്തിൽ (Empowering Local Governments) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി 4,27,911 കോടി രൂപ 2021-22 മുതൽ 2025-26 വരെ അവാർഡ് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ 70,051 കോടി രൂപ പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നീക്കിവച്ചിട്ടുമുണ്ട്. ആരോഗ്യ മേഖലയിലേക്ക് നൽകുന്ന ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4

സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഇതിൽ രണ്ട് സ്കീമുകളിലായിട്ടാണ് **പാറക്കടവ്** ഗ്രാമപഞ്ചായത്തിന് ഗ്രാന്റ് ലഭിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന് നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റും ആയതിന്റെ വിനിയോഗവും സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

ക്രമ. നം.	സ്കീം	2021-22 (₹)	2022-23 (₹)	2023-24 (₹)	2024-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്റേഴ്സ്	-	-	-	-
	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി.		**₹2,69,120** (4,387 പലിശ ഉൾപ്പടെ)	**₹10,31,109** (17,109 പലിശ ഉൾപ്പടെ)	**₹4,26,342** (2,342 പലിശ ഉൾപ്പടെ)
2	ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്.	-	-	-	-
3	ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.	-	-	-	-

4	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.		**₹1,37,329** (2,329 പലിശ ഉൾപ്പടെ)	**₹4,28,132** (9,132 പലിശ ഉൾപ്പടെ)	**₹6,70,183** (3,183 പലിശ ഉൾപ്പടെ)

കുറിപ്പ്: 2021-22 ലെ ഗ്രാന്റ് 2022-23 ലും 2022-23 ലേത് 2023-24 ലും 2023-24 ലേത് 2024-25 ലുമാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഗ്രാന്റ് അനുവദിച്ചതിന്റെ തൊട്ടടുത്ത വർഷത്തെ വാർഷിക പദ്ധതിയിലാണ് പ്രോജക്ടുകൾ തയ്യാറാക്കി സുലേഖയിൽ ഉൾപ്പെടുത്തുന്നത്.

2. നാളിതുവരെ വിനിയോഗിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

ക്രമ. നം.	സ്കീം	2021-22 (₹	2022-23 (₹)	2023-24 (₹)	2024-25 (₹)
1	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (എ) സബ് സെന്റേഴ്സ്	-	-	-	-
	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി.	-	₹1,91,703	₹8,72,993	₹2,14,037
2	ബ്ലോക്ക് ലെവൽ പബ്ലിക്ക് ഹെൽത്ത് യൂണിറ്റ്.	-	-	-	-
3	ബിൽഡിങ്ങ്ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി.	-	-	-	-

4	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.	-	-	₹3,23,523	₹2,30,477

ഗ്രാന്റ് വിനിയോഗത്തിന്റെ വിശദവിവരം

സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്. (ബി) പി.എച്ച്.സി.			
പ്രോജക്ട്	ചെലവ്		
	2022-23	2023-24	2024-25
രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	₹1,91,703	₹8,72,993	₹2,14,037
കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ.	-	-	-
കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	-	₹3,23,523	₹2,30,477

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പാറക്കടവ് ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നാളിതുവരെ നടത്തിയിട്ടില്ല.

4.ഹെൽത്ത് ഗ്രാന്റ് - സാമ്പത്തിക നില (2024-25)

	സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക്	കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ്

	ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ് (ബി) പി.എച്ച്.സി. (320100202) SBI A/C No.40871192690	സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനെസ് സെന്റർ. (320100204) SBI A/C No.40871186461
മുന്നിരുപ്പ്	₹2,35,533	₹2,41,938
വരവ് (പലിശ ഉൾപ്പെടെ)	₹4,26,342	₹6,70,183
ആകെ	₹6,61,875	₹9,12,121
ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ)	₹2,14,037	₹2,30,477
നീക്കിയിരുപ്പ്	₹4,47,838	₹6,81,644

കുറിപ്പ് : അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം ചെയ്യുന്ന പദ്ധതികൾക്കായി 2024-2025 സാമ്പത്തിക വർഷം നാഷണൽ റൂറൽ ഹെൽത്ത് മിഷനിൽ നിന്നും ലഭ്യമായ 12,83,961/- രൂപ 320100203 – Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs ഹെഡിൽ തെറ്റായി ഹെൽത്ത് ഗ്രാന്റ് എന്ന് രേഖപ്പെടുത്തുകയും ആയത് ടി ഹെഡിനുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.ഐ – 40871190284) വരവായി സ്വീകരിക്കുകയും പിന്നീട് ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തു. ടി അക്കൗണ്ടിൽ പലിശ ഇനത്തിൽ ലഭ്യമായ 2,889 രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നു. 320100203 – Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs ഹെൽത്ത് ഗ്രാന്റിന്റെ B-4 ഷെഡ്യൂൾ പ്രകാരവും B-17, RP-40B പ്രകാരവുമുള്ള നീക്കിയിരുപ്പുകൾ തമ്മിൽ ടി വ്യത്യാസമുണ്ട്.

1-29 ജൽജീവൻ മിഷൻ -അവലോകനം

കേരളത്തിൽ ജൽജീവൻ മിഷൻ നടപ്പാക്കുന്നതിന് 08.06.2020-ലെ സ.ഉ(കൈ) 37/2020/ ജ.വി.വ നമ്പർ ഉത്തരവ് മുഖേന അഞ്ച് വർഷത്തേക്കുള്ള സംയുക്ത ഭരണാനുമതി നൽകി നിർവ്വഹണ സംവിധാനം അംഗീകരിച്ച് 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകി. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുന്നത് കൂടാതെ ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണനിലവാരത്തിൽ മുടങ്ങാതെ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത്.

കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. പഞ്ചായത്തും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും നേതൃത്വം വഹിക്കുന്ന ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ മിഷനാണ് പദ്ധതി നടത്തിപ്പിന്റെ പ്രധാന ചുമതല വഹിക്കുന്നത്. മിഷന്റെ കർമ്മപദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വാട്ടർ & സാനിട്ടേഷൻ സമിതിയാണ് പഞ്ചായത്ത് തല കർമ്മപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി ഡിസ്ട്രിക്ട് വാട്ടർ & സാനിട്ടേഷൻ സമിതിക്ക് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.
പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 23-10-2021 ലെ 6(9) നമ്പർ പഞ്ചായത്ത് കമ്മിറ്റി

തീരുമാന പ്രകാരം ജൽ ജീവൻ മിഷൻ ശുദ്ധ ജല വിതരണ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടു പഞ്ചായത്തു തല കർമ്മ രേഖ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചു കേരള വാട്ടർ അതോറിറ്റി, പെരുമ്പാവൂർ എക്സിക്യൂട്ടീവ് എൻജിനീയർ നൽകിയ കത്ത് ചർച്ച ചെയ്തു, ഫണ്ട് ലഭ്യത പരിഗണിച്ചു കർമ്മ രേഖ നൽകുന്നതിന് തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. 14-09-2021 ലെ പഞ്ചായത്ത് കമ്മിറ്റി 4(1) നമ്പർ തീരുമാനത്തിൽ ഗ്രാമ പഞ്ചായത്തുകൾ ജലജീവൻ മിഷൻ മിഷൻ പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി ചതുർകക്ഷി കരാറിൽ ഏർപ്പെടുന്നതിനും മറ്റുനടപടികൾ സ്വീകരിക്കുന്നതിനും തടസ്സമില്ല എന്ന വിവരം അറിയിച്ചുകൊണ്ടുള്ള ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് വായിച്ചു റെക്കോർഡാക്കി എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ജൽ ജീവൻ മിഷൻ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/28-10-2025) പഞ്ചായത്തു തല കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ലെന്നും നിർവ്വഹണ സഹായ ഏജൻസിയെ തെരഞ്ഞെടുക്കുകയോ കരാറിലേർപ്പെടുകയോ ചെയ്തില്ലെന്നും സമ്പൂർണ്ണ കുടിവെള്ള പദ്ധതി ആയതിനാൽ ഗുണഭോക്തൃലിസ്റ്റ് പ്രത്യേകം തയ്യാറാക്കിയിട്ടില്ലെന്നും മറുപടി ലഭ്യമായി.

ജൽജീവൻ പദ്ധതിയ്ക്കായി പാറക്കടവ് ഗ്രാമപഞ്ചായത്തിൽ 2020-21 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഒരു പ്രൊജക്ട് മാത്രം രൂപീകരിച്ച് തുക വകയിരുത്തിയെങ്കിലും ആയത് നടപ്പാക്കിയില്ല. ആയതിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	പ്രൊജക്ടിന്റെ പേര്/നം.	അടങ്കൽ	ചെലവ്
2020-21	ജൽജീവൻ കുടിവെള്ള പദ്ധതി (309/2021)	**605000/-** തനത് ഫണ്ട് - 363000/- മറ്റുള്ളവ - 242000/-	0

മേൽ പ്രോജക്ടിന് അടങ്കൽ വെച്ച് തുക വകയിരുത്തിയെങ്കിലും ഗ്രാമപഞ്ചായത്തിൽ ഫണ്ട് കുറവായതിനാലാണ് പ്രോജക്ട് നടപ്പാക്കാതിരുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (04/28-10-2025) മറുപടിയായി ഗ്രാമപഞ്ചായത്ത് അറിയിച്ചത്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 തൊഴിൽ നികുതിയിനത്തിൽ വരവ് നഷ്ടം - ₹10630/-

2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, ജീവനക്കാരിൽ നിന്നും നികുതി പിരിച്ചെടുത്ത് അടയ്ക്കുമ്പോൾ സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് എന്നിവ പരിശോധിച്ചതുപ്രകാരം താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം, പരിഷ്കരിച്ച സ്ലാബിലുള്ള (സ.ഉ(സാധാ)നം.1149/2024/ എൽ.എസ്.ജി.ഡി., തിരുവനന്തപുരം തീയതി 27.06.2024), തൊഴിൽ നികുതി ഈടാക്കാതെ, പരിഷ്കരണത്തിന് മുൻപുള്ള സ്ലാബിൽ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ശമ്പളം	രണ്ടാം അർദ്ധവർഷം		
			ഈടാക്കേണ്ടത്	ഈടാക്കിയത്	കുറവ്
1.	നെഴുവിങ്കൽ എന്റർ പ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് രസീത് നം.124010504/12.03.2025				
	1) ശ്രീമതി. അനിത	40000	600	300	300

	2)ശ്രീമതി. ഷൈല	40000	600	300	300
	3)ശ്രീമതി. ബിന്ദു	40000	600	300	300
	4)ശ്രീമതി. കുമാരി	40000	600	300	300
	5)ശ്രീമതി. ബിജി ഫ്രാൻസീസ്	40000	600	300	300
	6)ശ്രീമതി. ഷീജ വിനോജ്	40000	600	300	300
	7)ശ്രീമതി. സുനി രവി	40000	600	300	300
	8)ശ്രീമതി. ഫിലോമിന	40000	600	300	300
	9)ശ്രീമതി. ലീല	40000	600	300	300
	10)ശ്രീമതി. സിന്ധു സി.എ	40000	600	300	300
	11)ശ്രീമതി. സിനി അജയൻ	40000	600	300	300
	12)ശ്രീമതി. അമ്പിളി	40000	600	300	300
	13)ശ്രീമതി. നിഷ	40000	600	300	300
	14)ശ്രീമതി. ബിജിമീർ	40000	600	300	300
	15)ശ്രീമതി. ജയന്തി	40000	600	300	300
	16)ശ്രീമതി. സ്മിത സുനിൽ	40000	600	300	300
2.	ഐസിഎൽ ഫിൻകോർപ് ലിമിറ്റഡ്, കുറുമ്മാശ്ശേരി, രസീത് നം.1240104746/07.03.2025				
	1) ശ്രീമതി. നിവ്യ എം.പി.	56430 (9405 X 6)	750	600	150

	2)ശ്രീ. അമൽ ഷാജി	51300 (8550x6)	750	600	150
3.	ഇ.റ്റി ദേവസി & സൺസ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്. 1240103631/06.02.25				
	ബിജു വി.ജെ.	(15000 X 6)90000	750	320	430
4.	സെന്റ് ജോസഫ് ഹോസ്പിറ്റൽ. 1240103524/04.02.25				
	1)ശ്രീമതി. ഷൈനി ബാബു	51000	750	450	300
	2)ശ്രീമതി. ഷീല വേലായുധൻ	51000	750	450	300
	3)ശ്രീമതി.ഷൈലജ ടി.സി.	52200	750	450	300
	4)ശ്രീ.അന്തോണി കെ,എൽ	54000	750	450	300
	5)ശ്രീമതി. സിനി കെ.കെ.	36000	600	300	300
	6)ശ്രീമതി. സൗമ്യ സനിൽ	36000	600	300	300
	7)ശ്രീമതി.ലിനി കെ ആർ.	36000	600	300	300
	8)ശ്രീമതി.മിനി കൃഷ്ണൻ	54000	750	450	300
	9)ശ്രീമതി.അഞ്ജന പോൾ	36000	600	300	300

	10)ശ്രീമതി.മിനി കെ ഐ)	60000	750	600	150
	11)ശ്രീമതി.ജിനി സിബു	60000	750	600	150
	12)ശ്രീമതി.സിമി സിജൊ	60000	750	600	150
	13)ശ്രീമതി.ജോഫി ഫ്രാൻസിസ്	60000	750	600	150
	14)ശ്രീമതി.മേരി	54000	750	450	300
	15)ശ്രീമതി.വിൻസി പൗലോസ്	54000	750	450	300
	16)ശ്രീമതി.ദീപ പൗലോസ്	36000	600	300	300
	17)ശ്രീമതി.സ്നേഹ പൗലോസ്	36000	600	300	300
	18)ശ്രീമതി.ബിൻസി ജെയ്സൺ	36000	600	300	300
	19)ശ്രീമതി.ജിസ്റ്റി ഫ്രാൻസിസ്	36000	600	300	300
	ആകെ				10630

മേൽ അപാകതയോടനുബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.5/29.10.2025) ലഭ്യമാക്കിയ മറുപടിയിൽ, തൊഴിൽ നികുതി അടവാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതിയിനത്തിൽ കുറവ് വന്ന തുക ഈടാക്കി

രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ക്രമ നം. 2 & 3 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ (സ്ഥാപന ഉടമ സമർപ്പിച്ച ലിസ്റ്റിൽ ആകെ ശമ്പളം രേഖപ്പെടുത്തിയിട്ടില്ല. ആകെ ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണോ നികുതി ഈടാക്കിയിരിക്കുന്നതെന്നുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുമില്ല.) രണ്ടാം അർദ്ധവർഷത്തെ ആകെ ശമ്പളം കണക്കാക്കി, അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും നഷ്ടതുക ഈടാക്കി തനത് ഫണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം ഒടുക്ക് സംബന്ധിച്ച പരിശോധന

സർക്കാരിന്റെ ധനകാര്യ (എസ്റ്റാ-ഡി) വകുപ്പിൽ നിന്നുള്ള 22.02.2025 ലെ എസ്റ്റാ.ഡി.1/MEDNC2/13/24-ധന നമ്പർ കത്ത് മുഖാന്തിരം ആവശ്യപ്പെട്ടിട്ടുള്ളതനുസരിച്ച്, തദ്ദേശ ഭരണസ്ഥാപനങ്ങളിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയം / അരിയർ വിഹിതം അടവാക്കിയത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ

ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
23	**₹101000***	**₹81,000**	**20,000****	-

* 17 ജീവനക്കാർ X ₹500 X 1 മാസം = ₹8,500
16 ജീവനക്കാർ X ₹500 X 1 മാസം = ₹8,000
15 ജീവനക്കാർ X ₹500 X 7 മാസം = ₹52,500
14 ജീവനക്കാർ X ₹500 X 2 മാസം = ₹14,000
12 ജീവനക്കാർ X ₹500 X 1 മാസം = ₹6,000

അസിസ്റ്റന്റ് സെക്രട്ടറി ശ്രീ അനന്തകൃഷ്ണൻ പി കെ ദീർഘകാല അവധിയായിരുന്നതിനാൽ ടിയാളുടെ മെഡിസെപ്പ് അവധി കാലഘട്ടത്തിൽ അടവാക്കിയിരുന്നില്ല. 2025 മാർച്ച് മാസം ടിയാളിൽ നിന്നും 12,000/- രൂപ മെഡിസെപ്പ് കുടിശ്ശികയായി ഈടാക്കിയിട്ടുണ്ട്. മെഡിസെപ്പ് ഇനത്തിലെ തൻവർഷത്തെ യഥാർത്ഥ വരവ് 350200117 – Recoveries Payable - MEDISEP ഹെഡ് ലെഡ്ജർ പ്രകാരം ₹10,1000/- ആണ്. എന്നാൽ RP-35 Other Liabilities(P) ഷെഡ്യൂളിൽ ഇതേ ഹെഡിൽ വരവായി ₹88,000/- മാത്രമാണ് ചേർത്തിരിക്കുന്നത്.
** 2024 മാർച്ച് മാസം മെഡിസെപ്പ് കുടിശ്ശിക ₹7,000/- ആയിരുന്നെങ്കിലും 2024 ഏപ്രിൽ മാസം മാർച്ച് മാസത്തെ മെഡിസെപ്പ് ₹7,500/- അടവാക്കിയിട്ടുണ്ട്. ₹500/- കൂടുതൽ അടവാക്കിയിട്ടുണ്ട്. 2025 മാർച്ച് മാസം ആകെ ഈടാക്കിയ മെഡിസെപ്പ് തുക ആ മാസത്തെ പ്രീമിയം ₹8,500/- രൂപയും കുടിശ്ശിക ഇനത്തിൽ ലഭ്യമായ ₹12,000/- ചേർത്ത് ₹20,500/- ആണ്. 2024 ഏപ്രിൽ മാസം മാർച്ച് മാസത്തെ മെഡിസെപ്പ് ₹500/- കൂടുതൽ ഈടാക്കിയത് ഈ തുകയിൽ നിന്ന് കുറച്ചാൽ ലഭിക്കുന്ന ₹20,000/- ആണ് സാമ്പത്തിക വർഷാവസാനം അടവാക്കാനവശേഷിക്കുന്ന മെഡിസെപ്പ് നീക്കിയിരിപ്പ് തുക.

2. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ	മെഡിസെപ് പ്രീമിയം	ഒടുക്കാൻ ബാക്കി	റിമാർക്സ്

	ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശിക ഉൾപ്പെടെ)	ഇനത്തിൽ ഒടുക്കിയ തുക	നിൽക്കുന്ന തുക	
ഗ്ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.04.2024 മുതൽ 30.06.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല				

3. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.07.2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
ഗ്രാമപഞ്ചായത്ത് ഓഫീസിൽ 01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ ഇല്ല				

4. മെഡിസെപ് പ്രീമിയം ഒടുക്ക് - റഗുലർ ജീവനക്കാർ (01.08.2024മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ).

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്

		മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ)			
1	2025 മാർച്ച്	₹500	₹500/-	-	-

4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2024-25 ഓഡിറ്റിന്റെ ഭാഗമായാണ് വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തിയിട്ടുള്ളത്	

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	₹9,000.00	തരിശ് പച്ചക്കറി കൃഷി ജനറൽ (85/25)	₹9,000.00	₹0.00
ബ്ലോക്ക് പഞ്ചായത്ത്	2024-25	₹1,95,953.00	പാലിയേറ്റീവ് കെയർ (38/25)	₹1,95,953.00	₹0.00
ബ്ലോക്ക് പഞ്ചായത്ത്	2024-25	₹10,00,000.00	ലൈഫ് മിഷൻ ഭവന നിർമ്മാണം – ജനറൽ (24/25)	₹10,00,000.00	₹0.00
ബ്ലോക്ക് പഞ്ചായത്ത്	2024-25	₹3,00,000.00	ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്കുള്ള പഠന സഹായം (07/25)	₹3,00,000.00	₹0.00
ബ്ലോക്ക് പഞ്ചായത്ത്	2024-25	₹50,000.00	അങ്കണവാടി പോഷകാഹാര വിതരണം (06/25)	₹50,000.00	₹0.00
ബ്ലോക്ക് പഞ്ചായത്ത്	2024-25	₹1,75,000.00	പാലിന് സബ്സിഡി (03/25)	₹1,75,000.00	₹0.00
ബ്ലോക്ക് പഞ്ചായത്ത്	2024-25	₹75,000.00	വിജയഭേരി സ്കോളർഷിപ്പ് (72/25)	₹75,000.00	₹0.00

ആകെ		**₹18,04,953.00**		**₹18,04,953.00**	**₹0.00**
ജില്ലാ പഞ്ചായത്ത്	2024-25	₹24,000.00	തരിശ് നെൽകൃഷി (163/25)	₹24,000.00	₹0.00
ജില്ലാ പഞ്ചായത്ത്	2024-25	₹48,000.00	സംയോജിത നെൽകൃഷി വികസനം – ജനറൽ (157/25)	₹48,000.00	₹0.00
ജില്ലാ പഞ്ചായത്ത്	2024-25	₹8,600.00	തരിശ് പച്ചക്കറി കൃഷി ജനറൽ (85/25)	₹8,600.00	₹0.00
ജില്ലാ പഞ്ചായത്ത്	2024-25	₹60,000.00	തരിശ് നിലങ്ങളിലെ നെൽകൃഷി (81/25)	₹60,000.00	₹0.00
ജില്ലാ പഞ്ചായത്ത്	2024-25	₹1,35,000.00	വാഴ കൃഷി വികസനം ജനറൽ വനിത (49/25)	₹1,35,000.00	₹0.00
ജില്ലാ പഞ്ചായത്ത്	2024-25	₹9,98,052.00	സംയോജിത നെൽകൃഷി വികസനം (92/25)	₹9,98,052.00	₹0.00
ജില്ലാ പഞ്ചായത്ത്	2024-25	₹2,00,000.00	ലൈഫ് ഭവന നിർമ്മാണം പട്ടികജാതി (31/25)	₹2,00,000.00	₹0.00
ജില്ലാ പഞ്ചായത്ത്	2024-25	₹9,50,000.00	ലൈഫ് മിഷൻ ഭവന നിർമ്മാണം – ജനറൽ (24/25)	₹9,50,000.00	₹0.00
ജില്ലാ പഞ്ചായത്ത്	2024-25	₹1,50,000.00	ശാരീരിക മാനസിക വെല്ലുവിളി	₹1,50,000.00	₹0.00

			നേരിടുന്നവർക്കുള്ള പഠന സഹായം (07/25)		
ജില്ലാ പഞ്ചായത്ത്	2024-25	₹9,000.00	ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം (165/25)	₹9,000.00	₹0.00
ജില്ലാ പഞ്ചായത്ത്	2024-25	₹84,492.00	പാലിന് സബ്സിഡി (03/25)	₹84,492.00	₹0.00
ജില്ലാ പഞ്ചായത്ത്	2024-25	₹3,75,000.00	വിജയഭേരി സ്കോളർഷിപ്പ് (44/25)	₹3,75,000.00	₹0.00
ആകെ		**₹30,42,144.00**		**₹30,42,144.00**	**₹0.00**

4-4 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ വിവിധ നിർവഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം താഴെ ചേർക്കുന്നു.

വർഷം	നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ / ബിൽനമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
2024-25	കേരള ഇലക്ട്രിസിറ്റി ബോർഡ്	വട്ടപ്പറമ്പ് ജംഗ്ഷനിലെ ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ (404/25)	വൗച്ചർ നമ്പർ 42400731/19-12-2024	₹2,48,304/-	₹2,48,304/-	0

2024-25	കേരള ഇലക്ട്രിസിറ്റി ബോർഡ്	എല്ലാ വാർഡുകളിലേയും സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (148/25)	വൗച്ചർ നമ്പർ 42401667/31-03-25	₹4,24,214/-	₹3,98,599/-	₹2,56,151/-
2024-25	കേരള ഇലക്ട്രിസിറ്റി ബോർഡ്	എല്ലാ വാർഡുകളിലേയും സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (311/25)	ബിൽ നമ്പർ 648/22-03-25	₹91,006/-	0	₹91,006/-
2024-25	കേരള ഇലക്ട്രിസിറ്റി ബോർഡ്	വാർഡ് – 5,6,10,14,15,16,17,18 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (393/25)	ബിൽ നമ്പർ 1)524/06-03-25=₹6,00,000 2)407/17-01-2025=₹4,14,559 3)725/28-03-25=₹16,541 4)726/28-03-25=₹47,900	₹10,79,000/-	0	₹10,79,000/-
2024-25	കേരള ഇലക്ട്രിസിറ്റി ബോർഡ്	വാർഡ് – 11,12,13 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (394/25)	ബിൽ നമ്പർ 724/28-03-25	₹62,855/-	0	₹62,855/-
2024-25	കേരള വാട്ടർ അതോറിറ്റി	പാറക്കടവ് കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ (299/25)	ബിൽ നമ്പർ 32/09-05-24	₹7,00,000/-	0	₹7,00,000/-

കുറിപ്പ്:
*പാറക്കടവ് കുടിവെള്ള പദ്ധതി മോട്ടോർ വാങ്ങൽ (394/25) പ്രോജക്ട് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ ₹7,00,000/- നിക്ഷേപിച്ചെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ 460500201 - Advance To Implementing Agencies - Deposit With Kerala Water Authority ഹെഡിൽ ഈ തുക ചേർത്തിട്ടില്ല.

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-6 വായ്പ / വായ്പ തിരിച്ചടവ്

ഹെഡ്	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം ലഭിച്ച തുക	ആകെ	തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
330500202 HUDCO	₹1,49,68,126	₹82,22,102	₹2,31,90,228	₹21,32,515	-	₹2,10,57,713

ജി.ഒ.പ്രോജക്ട് തിരിച്ചടവിന്റെ വിവരം

നമ്പർ	പേര്	തുക
506/25	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) - രണ്ടാം ഗഡു	₹10,14,778
508/25	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) – മൂന്നാം ഗഡു	₹10,21,680

507/25	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) – രണ്ടാം ഗഡു	₹44,457
509/25	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി.) – മൂന്നാം ഗഡു	₹51,600
ആകെ		**₹21,32,515**

4-7 സ്ഥിര നിക്ഷേപങ്ങൾ

2024-25 വർഷത്തെ അക്കൗണ്ട്സ് പ്രകാരം സ്ഥിര നിക്ഷേപത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	12,10,423
തൻവർഷം നിക്ഷേപിച്ച തുക 1) പുതിയ നിക്ഷേപം – ഇല്ല 2) പലിശ വരവ് (7.25%) – 87,756	87,756
ആകെ	12,98,179
കേരള സ്റ്റേറ്റ് കോ-ഓപറേറ്റീവ് ബാങ്ക്, കുറുമശ്ശേറി ശാഖ, അക്കൗണ്ട് നം. 142312804000013 ൽ നേരിട്ട് നിക്ഷേപിച്ച പലിശ തുക (കുറയ്ക്കുക)	87,756
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	12,10,423

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

സ്ഥിര നിക്ഷേപത്തിന്റെ രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. നിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധിച്ച് വിവരം ചുവടെ ചേർക്കുന്നു

ബാങ്കിന്റെ പേര്/ സർട്ടിഫിക്കറ്റ് നം./	നിക്ഷേപിച്ച തുക	കാലയളവ്/ പലിശനിരക്ക്	നിക്ഷേപം പുതുക്കിയ	മച്ചൂരിറ്റി തീയതി

നിക്ഷേപിച്ച തീയതി			തീയതി	
കേരള സ്റ്റേറ്റ് കോ-ഓപറേറ്റീവ് ബാങ്ക്, കുറുമശ്ശേറി ശാഖ 142318802200010/05.10.2023	12,10,423	1 വർഷം/ 8%	05.10.2024	05.10.2025

4-8 ഓഡിറ്റ് റിക്കവറി

ഇല്ല.

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-1998	2009-11	3.7.1.5.3	പ്രധാനമന്ത്രിയുടെ സ്കീമിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതി കൺവീനർ അധികം പറ്റിയ തുക 1,53,669/- രൂപ പലിശ സഹിതം തിരിച്ചു പിടിക്കണം.	ഇതു സംബന്ധിച്ച് കോടതി ഉത്തരവ് പ്രകാരം തീരുമാനമെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തുകയും 07.12.2018 ൽ അഗ്രികൾച്ചർ

				അസിസ്റ്റന്റ് ഡയറക്ടറെയും സെക്രട്ടറിയെയും ഹിയറിംഗ് നടത്തുകയുണ്ടായി. അതിനു ശേഷം തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും തീരുമാനമൊന്നും തന്നെ ലഭ്യമായിട്ടില്ല. ടി കക്ഷി ബഹു ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് തീർപ്പായിട്ടില്ല (WP(C) 27129/19 തീയതി 11.10.2019).
2015-16	2016-17	-	തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ	ബി.എസ്.എൻ.എൽ. ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളുടേയും നികുതി അടവാക്കിയിട്ടുണ്ട്.
2016-17	2017-18	അനുബന്ധം-4	69/17 വൈദ്യുതീകരണ പദ്ധതി -എസ്റ്റിമേറ്റുകൾ സാങ്കേതിക വിഭാഗം പരിശോധന	നിയമസഭാ സമിതിയുടെ പരിഗണനയിലാണ്

			വിധേയമാക്കാത്തത് സംബന്ധിച്ച്	
2015-16	2017-18	അനുബന്ധം-9	പദ്ധതികൾ മോണിറ്ററിംഗ് നടത്താത്ത തദ്ദേശസ്ഥാപനങ്ങളുടെ വിവരം	-

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ വരവ്	₹9,70,11,192.00
ഓഡിറ്റ് വർഷത്തെ ചെലവ്	₹8,26,57,281.00
വരവിനങ്ങളിലുള്ള നഷ്ടം	₹10,630.00
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	**₹22,92,914.00**

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1	₹10,630.00	അനന്തകൃഷ്ണൻ പി കെ, സെക്രട്ടറി-ഇൻ-ചാർജ്ജ്, പാറക്കടവ് ഗ്രാമപഞ്ചായത്ത്

ആകെ	**₹10,630.00**	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	₹1,64,839.00	സ്മിത ആർ മേനോൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ)
1-20	₹1,69,599.00	ബെറ്റി ആന്റണി, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)
1-24	₹7,00,000.00	സന്തോഷ് എ വി, സെക്രട്ടറി പാറക്കടവ് ഗ്രാമപഞ്ചായത്ത്
1-26	₹12,58,476.00	അനന്തകൃഷ്ണൻ പി കെ, സെക്രട്ടറി-ഇൻ-ചാർജ്ജ്, പാറക്കടവ് ഗ്രാമപഞ്ചായത്ത്
ആകെ	**₹22,92,914.00**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം

ഡോ.ബെറ്റി ആന്റണി മെഡിക്കൽ ഓഫീസർ എഫ്.എച്ച്,സി പാറക്കടവ് ഗ്രാമപഞ്ചായത്ത്	മെഡിക്കൽ ഓഫീസർ എഫ്.എച്ച്,സി പാറക്കടവ് ഗ്രാമപഞ്ചായത്ത്	കാഞ്ഞിരക്കാട്ട് ഹൗസ്, മാഞ്ഞൂർ പി ഒ, കുറുപ്പന്തറ കവല, കോട്ടയം, 686603
ശ്രീ. അനന്തകൃഷ്ണൻ പി കെ, സെക്രട്ടറി-ഇൻ-ചാർജ്ജ്, പാറക്കടവ് ഗ്രാമപഞ്ചായത്ത്	അസിസ്റ്റന്റ് സെക്രട്ടറി, പാറക്കടവ് ഗ്രാമപഞ്ചായത്ത്	പടിഞ്ഞാറെയിൽ വീട്, മാറമ്പിള്ളി പി ഒ, 683105
ശ്രീ. സന്തോഷ് എ വി സെക്രട്ടറി ഗ്രാമപഞ്ചായത്ത്	സർവ്വീസിൽ നിന്ന് വിരമിച്ചു.	ആശാരിപ്പറമ്പിൽ ഹൗസ്, ചേരാനല്ലൂർ.പി.ഒ, കലൂർ സൗത്ത്, 682034
സ്മിത ആർ മേനോൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ, കുന്നുകര ഹോമിയോ ഡിസ്പെൻസറി	38/305, ശ്രീവത്സലം വീട്, ചുറ്റുപാടുക്കര, ഇടപ്പള്ളി പി ഒ, കൊച്ചിൻ, 682024

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1996-97	അദാലത്ത് റിപ്പോർട്ട് -(പി.11) 693/18, 15.9.18
1997-98	എൽ.എഫ്-ഇ./പി(3)/1214/01/20.03.02/09.05.02.
1998-99	അദാലത്ത് റിപ്പോർട്ട് (പി.11) /693/18, 15.9.18
1999-00	അദാലത്ത് റിപ്പോർട്ട് (പി.11) /693/18, 15.9.18
2000-01	അദാലത്ത് റിപ്പോർട്ട് (പി.11)/ 693/18, 15.9.18

2001-02 (ചെലവ്)	അദാലത്ത് റിപ്പോർട്ട് (പി.11) /693/18, 15.9.18
2001-02 (വരവ്)	എൽ.എഫ്-ഇ/പി(3)/1167/05/26.04.07/ 12.07.07
2002-03	എൽ.എഫ്-ഇ/പി(3)/1167/05/26.04.07/ 12.07.07
2003-04	എൽ.എഫ്-ഇ/പി(3)/1167/05/26.04.07/ 12.07.07
2004-05	എൽ.എഫ്-ഇ/പി(3)/943/10/2
2005-06	എൽ.എഫ്-ഇ/പി(3)/944/10/22.10.11/ 25.11.11
2006-07	എൽ.എഫ്-ഇ/പി(3)/945/10/22.10.11/ 25.11.11
2007-08	എൽ.എഫ്-ഇ/പി(3)/1701/11/23.04.12/ 09.07.12.
2008-09	എൽ.എഫ്-ഇ/പി(3)/1701/11/23.04.12/ 09.07.12.
2009-10	എൽ.എഫ്-ഇ/പി(3)/1735/12/29.10.12/ 04.02.13.
2010-11	എൽ.എഫ്-ഇ/പി(3)/735/12/29.10.12/ 04.02.13.
2011-12	എൽ.എഫ്-ഇ/പി(3)/1735/12/29.10.12/ 04.02.13.
2012-13	എൽ.എഫ്-ഇ/പി(5)/537/14/21.05.14/ 04.06.14
2013-14	കെ.എസ്.എ-ഇ.കെ.എം/(P11)/1835/14/ 21.11.15
2014-15	കെ.എസ്.എ-ഇ.കെ.എം/(P11)/1330/16/ 03-08-2016
2015-16	കെ.എസ്.എ-ഇ.കെ.എം/(P11)/2263/16/ 09-01-2017
2016-17	കെ.എസ്.എ-ഇ.കെ.എം/(P11)/1789/17/ 16-12-2017
2017-18	കെ.എസ്.എ-ഇ.കെ.എം/(P11)/156/2019/ 15-03-2019
2018-19	കെ.എസ്.എ-ഇ.കെ.എം/(P11)/260/20/ 18-03-2020
2019-20	കെ.എസ്-എ.ഇ.കെ.എം/(P11)/127/22/ 05-07-2022
2020-21	കെ.എസ്.എ ഇ.കെ.എം/(P11)/128/22/ 05-07-2022
2021-22	കെ.എസ്.എ-ഇ.കെ..എം/(P11)/260/23/ 11-04-2023

2022-23	കെ.എസ്.എ-ഇ.കെ.എം/(P11)/1367/23/ 27-11-2023
2023-24	കെ.എസ്.എ-ഇ.കെ.എം/(P11)/1598/24/ 13-11-2024

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല ഓഡിറ്റ് കാര്യാലയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 25-07-2025 and submitted on 09-10-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Parakkadavu Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial

Statements give a true and fair view of financial result for the year 2024-2025 and Financial position of Parakkadavu Grama Panchayat as on 31-03-2025

Date: 12/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Parakkadavu Grama Panchayat for the Year 2024-2025.

1.Major Observations

NIL

2.Other Observations

1. Non inclusion of notes to accounts in financial statements and non-disclosure of material facts.

2. Cash Flow statement Net increase / decrease in cash flow does not match with difference between opening balance and closing balance.

3. Mismatch of Property tax amount in between annual financial statements and Sanchaya

4. The amount paid to Kerala Water Authority for the Deposit work was not adjusted in the advance head.

5. Grant for specific purposes health grant towards buildingless subcentres PHCs and CHCs as per AFS(B-4 Schedule) has no balance but in schedule RP-40(b) and B-17 there is a bank balance of Rs. 2889/-.

6. The balance of the CFC grant as per schedule B4 of the AFS is Rs. 15145118 and as per RP40(b) and B-17 is Rs. 15280856.

7. Although an amount of Rs. 5838 has been recorded in the ledger under the Receivables of Redemption head as received during the financial year, the supporting documents for this receipt have not been made available for audit.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്